
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 43 | ലക്കം 4 | 2016 നവംബർ 15

# വൃന്ദാവനത്തിലെ പരസ്പരാനന്ദ സംഗമം

*ദർശനം വായനക്കാർക്ക് ഈ ലക്കത്തിലേക്ക് സ്വാഗതം. വിഭവങ്ങൾ ധാരാളമുണ്ട്. സമാധാനമായിരുന്ന് ഓരോന്നും വായിക്കുക. എടുത്തോടരുത്.*

*ദ്വാപരയുഗത്തിൽ പരസ്പരം സ്നേഹിച്ചും കാലികളെ മേയ്ച്ചും കൃഷി ചെയ്തും ഉള്ളത് പങ്കു വെച്ചും ജീവിച്ച വൃന്ദാവന വാസികൾ പ്രകൃതിയോട് ഇണങ്ങി യമുനയിൽ നീരാടി ഒരു അല്ലലുമില്ലാതെ ജീവിച്ചു. മനുഷ്യനും പ്രകൃതിയും പരസ്പരാനന്ദത്തിൽ കളിയാടിയിരുന്ന ആ വൃന്ദാവന സ്മരണയോടെ അമ്പലപ്പുഴയിലെ വൃന്ദാവനത്തിൽ നമുക്കൊത്തു ചേരാം.*

എല്ലാവർക്കും നമസ്കാരം. സ്മരാണാഞ്ജലിയിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് ഇതാ ഒരു അവസരം കൂടി. ഈ അക്ഷരങ്ങളുടെ പിന്നാലെ കൈപിടിച്ച് പോന്നോളുക. സെപ്തംബർ 24-ാം തീയതി ശനിയാഴ്ച വൈകിട്ട് തന്നെ ദർശനം പ്രവർത്തകരായ അഷറഫ്, സുധീർ, ഡോ. പത്മകുമാർ, ഡോ. ഗോപാലകൃഷ്ണൻ, ഹംസാസാർ, മുഹമ്മദ് അലി, വേണു തുടങ്ങിയവർ വൃന്ദാവനത്തിലെത്തി പരിപാടികൾക്കു വേണ്ടി മുന്നൊരുക്കങ്ങൾ നടത്തി. കസേരകൾ ക്രമമായി ഇട്ട് വേദിയൊരുക്കി. കുറുപ്പു സാറിന്റെ

വലിയ ചിത്രം വേദിയിൽ അഭിമുഖമായി വെച്ചു. ചുറ്റുവട്ടത്തുള്ള വരുമായി ചേർന്ന് സഹകരിച്ച് ജീവിക്കുമ്പോൾ ഉണ്ടാകുന്ന അനുഭൂതിയാണ് ശാന്തി എന്നാഹ്വാനം ചെയ്യുന്ന കുറുപ്പു സാറിന്റെ സന്ദേശങ്ങൾ മാനുഷിക ധ്യാനവാക്യങ്ങൾ എന്നിവ ചുമരുകളിൽ പ്രദർശിപ്പിച്ചു. അതോടെ പരസ്പരാനന്ദ സംഗമത്തിന്റെ അന്തരീക്ഷം തെളിഞ്ഞു വന്നു.

സമയം ഞായറാഴ്ച രാവിലെ 9 മണി. വേദിയിൽ ഭാവിലോകം സി.ഡി.യിലൂടെ കുറുപ്പുസാറിന്റെ സന്ദേശം ഒഴുകി വരുന്നത് കേൾക്കാം. ചുറ്റുവട്ടത്തിലൂടെ ഒരു വിളംബര യാത്രയ്ക്ക് ദർശനം സുഹൃത്തുക്കൾ അണിനിരക്കവേ അതാ നമ്മുടെ മന്ത്രി ജി. സുധാകരന്റെ കാർ കടന്നു വരുന്നു. കൂടെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത്ത് കാരിക്കലും സുഹൃത്തുക്കളും ഉണ്ട്. എല്ലാവരും വേദിയിലെത്തി. ശ്രീ. ജി. സുധാകരനും ഡോ. പത്മകുമാറും ചേർന്ന് കുറുപ്പുസാറിന്റെ ചിത്രത്തിൽ മുല്ലപ്പൂമാല ചാർത്തി. പുഷ്പങ്ങളർപ്പിച്ചു. ലഘുവായ ഒരു പ്രസംഗത്തിലൂടെ അദ്ദേഹം സ്മരാണാഞ്ജലി നടത്തി. ഈ ആധുനിക യുഗത്തിൽ ചിതറിപ്പോയ മനുഷ്യരെയെല്ലാം ഒന്നായി കാണുവാനും നമ്മുടെ പുരോഗതിക്ക് അയൽക്കൂട്ടമെന്ന ആശയം അവതരിപ്പിക്കുകയും ചെയ്ത മഹാനായിരുന്നു പങ്കജാക്ഷക്കുറുപ്പു സാർ എന്ന് ശ്രീ. ജി. സുധാകരൻ അഭിപ്രായപ്പെട്ടു. സംഘർഷഭരിതമായ ഈ ലോകത്തിന് ശാന്തിമാർഗ്ഗമാണ് കുറുപ്പു സാറിന്റെ ദർശനം. കുറുപ്പു സാറിനോടൊപ്പം പ്രവർത്തിച്ചതും താൻ മുമ്പ് മന്ത്രിയായിരുന്നപ്പോൾ തന്റെ ഓഫീസിൽ കുറുപ്പു സാറിന്റെ ചിത്രം വെച്ചിരുന്നതം അദ്ദേഹം ഓർമ്മപ്പെടുത്തി. ദർശനത്തിന്റെ പ്രവർത്തനങ്ങൾക്ക് തന്റെ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്ത അദ്ദേഹം മേളയിൽ പ്രദർശനത്തിന് വെച്ചിരുന്ന ശ്രീ. മുരളീധരമേനോൻ സാറിന്റെ ആനന്ദത്തിന്റെ ആന്തരദീപ്തി എന്ന പുസ്തകം വാങ്ങി 100 രൂപയും തന്നു.

പ്രിയമുള്ളവരേ, വരൂ നമുക്ക് നമ്മുടെ മേള നടക്കുന്ന ക്ഷേത്ര പരിസരം ചുറ്റിവരാം. മുന്നിൽ ഭൂമിക്കാരന്റെ ചിത്രവും സന്ദേശവുമായി ഗിരിജനും ഡോ. പത്മകുമാറുമുണ്ട്. പിന്നാലെ ദർശനം മിത്രങ്ങളായ മുഹമ്മദ് അലി, സോമൻ വൈദ്യൻ, വാസുച്ചേട്ടൻ, ബോസ് ചേട്ടൻ, രാമചന്ദ്രകൈമൾ, സതീഷ് ചന്ദ്രൻ, ചന്ദ്രൻ പുറക്കാട്, ഷാജി,

അഷറഫ്, ബാബു തുടങ്ങിയവർ പരിസരം ഒന്ന് ചുറ്റി ദർശനവും വിതരണം ചെയ്ത് തിരിച്ചെത്തി 10 മണിക്ക് തന്നെ യോഗം ആരം ഭിച്ചു. എല്ലാവരും എണീറ്റു നിന്ന് പരസ്പരാനന്ദ ശിൽപ്പിയെ മാനു ഷിക ധ്യാനത്തിലൂടെ അനുസ്മരിച്ചു. കുട്ടപ്പൻ സാറില്ലാത്ത ആദ്യ ദർശനം യോഗമാണിത്. ഇത്രയേറെ ആത്മാർത്ഥതയോടെ അച്ഛനെ അനുഗമിച്ചവരധികം പേരില്ല. യോഗം സാറിന്റെ സ്മരണയിൽ പ്രാർത്ഥന നടത്തി. തുടർന്ന് നമ്മെ വിട്ടു പിരിഞ്ഞ ശ്രീ. എസ്.ബി. നായർക്കും ആദരാഞ്ജലികൾ അർപ്പിച്ചു. കുറുപ്പുസാറിന്റെ, "മോച നത്തിന് പഞ്ചശീലങ്ങൾ" എന്ന ദർശനം എഡിറ്റോറിയൽ ജീവകാ രുണ്യ സംഘടനയായ കൃപയുടെ ഡയറക്ടർ ശ്രീ. പ്രദീപ് കൂട്ടാല വായിച്ച് വിശദീകരിച്ചു. ഇനിയൊരു അനുമോദനം. ഈ വർഷത്തെ അമൃതകീർത്തി പുരസ്കാരം ലഭിച്ചിരിക്കുന്നത് ഈ വേദിയിലിരി ക്കുന്ന ഡോ. അമ്പലപ്പുഴ ഗോപകുമാറിനാണ്. ദർശനം കുടും ബാംഗമായ സാറിനെ എല്ലാവരും എഴുന്നേറ്റു നിന്ന് മാനുഷിക ധ്യാനത്തിലൂടെ അനുമോദിച്ചു. സാറിന്റെ സാഹിത്യ സപര്യയും സാംസ്കാരിക പ്രവർത്തനങ്ങളും കൂടുതൽ ശോഭയോടെ ഇനിയും വിളങ്ങട്ടെ എന്ന് പ്രാർത്ഥിച്ചു. പ്രഭാഷണത്തിനായി സാറിനെ ക്ഷണിച്ചു.

അഹങ്കാരം കൊണ്ടും അജ്ഞാനം കൊണ്ടും പരസ്പരം അകന്നുഴലുന്ന മനുഷ്യരാശിയുടെ ഇടയിലേയ്ക്ക് അവരുടെ മോച നത്തിനായി ബന്ധുത്വഭാവന എന്ന മഹാമന്ത്രം കണ്ടുപിടിച്ച് നടപ്പാ ക്കിയ ഈ കാലഘട്ടത്തിന്റെ പുണ്യമായിരുന്നു കുറുപ്പുസാറെന്ന് സാർ അഭിപ്രായപ്പെട്ടു. കുറുപ്പുസാർ അവതരിപ്പിച്ച മാനുഷിക ധ്യാനത്തോടെ നമ്മുടെ പ്രഭാതങ്ങൾ ആരംഭിച്ചാൽ ഇപ്പോഴുള്ള അന്ധകാരം മാറി പരസ്പരാനന്ദ സമൂഹം രൂപപ്പെടുമെന്നും സാർ വ്യക്തമാക്കി. തുടർന്ന് പുതിയ ഒരു ലോക സൃഷ്ടിക്കായി സ്വയം മാറുക എന്ന സന്ദേശത്തോടെ മാനുഷിക ധ്യാനം നടന്നു. സർവ്വ ശ്രീ. ഡോ. കെ.ജി. പത്മകുമാർ, പ്രൊഫ. പി.ജി. പണിക്കർ, ഡോ. എൻ.എൻ. പണിക്കർ, സമൂഹ പെരിയോർ ചന്ദ്രശേഖരൻ നായർ, ഹംസ എ. കുഴിവേലി, പ്രൊഫ. ശിവശങ്കരൻ, കുര്യൻ ചേട്ടൻ, ശ്രീമതി ഗീതാ സാരസാക്ഷൻ, സമഭാവന - രാധാകൃഷ്ണൻ തുട ങ്ങിയവർ ലഘു പ്രഭാഷണങ്ങളിലൂടെ സ്മരണാഞ്ജലി അർപ്പി ച്ചു. ഉച്ചയ്ക്ക് 12 മണിയോടെ യോഗ നടപടികൾ അവസാനിപ്പിച്ച്

ചർച്ചകൾക്കായി തറക്കൂട്ടം കൂടണമെന്നായിരുന്നു കാര്യപരിപാടിയെങ്കിലും യോഗനടപടികൾ നീണ്ടു പോയതിനാൽ അതിന് കഴിഞ്ഞില്ല. ഊണിന് മുമ്പ് ഒരു ഇടക്കാല ആശ്വാസത്തിന് കിളിപ്പിച്ചുണങ്ങിയ കപ്പലണ്ടി വിതരണം ചെയ്തു. അതിനിടയിലിതാ ഒരാൾ **ഇവിടെ ആരാണ് ഭൂമിക്കാരനെന്ന ചോദ്യവുമായി മനസ്സിലെ കാടിളക്കി കടന്നു വരുന്നു.** മഴത്തുള്ളികൾക്ക് മണ്ണിലേക്കിറങ്ങുവാൻ അവസരം കൊടുക്കാതെ വീടും പരിസരവും കോൺക്രീറ്റ് ചെയ്യുന്നവനോ ഭൂമിക്കാരൻ. വീട്ടിലെന്തെങ്കിലും വിശേഷം ഉണ്ടായാൽ നമ്മുടെ രക്ഷകരായ ജീവജാലങ്ങളെ കൊന്ന് പൊരിച്ച് പ്ലാസ്റ്റിക് പാത്രങ്ങളിൽ വിളമ്പി തിന്ന് ബാക്കി വലിച്ചെറിഞ്ഞ് പരിസരമാകെ മലിനപ്പെടുത്തുന്നവരോ ഭൂമിക്കാരൻ. വീട്ടിലെ വേസ്റ്റുകളൊക്കെ വാരിക്കെട്ടി പൊതു സ്ഥലത്തോ ജലാശയങ്ങളിലോ എറിയുന്ന സംസ്കാര ശൂന്യനോ ഭൂമിക്കാരൻ. സമൂഹവുമായി ഒരു ബന്ധവുമില്ലാതെ എങ്ങിനെയോ കുറച്ച് കാശുണ്ടാക്കി സാധുക്കളെ മറന്ന് ആഡംബര ജീവിതം നയിക്കുന്നവനോ ഭൂമിക്കാരൻ. സഹ്യപർവ്വതം തുരക്കുകയും മരം വെട്ടുകയോ, അതിന് കൂട്ടുനിൽക്കുകയോ ചെയ്ത് ഭൂമിയുടെ സന്തുലിതാവസ്ഥ നശിപ്പിക്കുന്നവരോ ഭൂമിക്കാർ. ചില്ലുമേടകളിലിരുന്ന് അണികളെ കൊണ്ട് തന്റെ സഹോദരങ്ങളെ കൊല്ലിക്കുന്നവരോ ഭൂമിക്കാർ. ഇവിടെ കണ്ണീർപ്പുഴ ഒഴുകുന്നു. വറ്റിവരണ്ട നദികൾക്ക് പകരം മദ്യപ്പുഴ ഒഴുക്കുന്ന സർക്കാരുകളോ ഭൂമിക്കാർ. ചോദ്യങ്ങൾ കേട്ട് സദസ്സ് തരിച്ചിരുന്നു. ആലപ്പുഴയിൽ വിജിലൻസ് ഇൻസ്പെക്ടറായ ശ്രീ. വിദ്യാധരൻ സാർ റോഡരികിൽ പതിനായിരക്കണക്കിന് വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചിട്ടുണ്ട്. മക്കളുടെ വിവാഹത്തിന് പുഷ്പമാലയ്ക്ക് പകരം വസ്ത്രമാല വരെ ഉപയോഗിച്ച് എല്ലാം ലളിതവത്ക്കരിച്ച് പരിവർത്തനം വരുത്തിക്കൊണ്ടാണ് സാർ ഒരു ഭൂമിക്കാരനാണെന്ന് സാക്ഷ്യപ്പെടുത്തുന്നത്, അദ്ദേഹത്തിന് ദർശനത്തിന്റെ അഭിവാദനങ്ങൾ. പ്രഭാഷണത്തിനിടെ മനോഹരമായ പരിസ്ഥിതി ഗാനങ്ങൾ കൂടി ആലപിച്ചപ്പോൾ സമയം പോയത് ആരുമറിഞ്ഞില്ല. 5 മിനിട്ട് കഴിയുമ്പോൾ ബെല്ലടിക്കേണ്ടയാൾ ഇതെല്ലാം കേട്ട് അവിടെ വായും പൊളിച്ച് മിണ്ടാതെയിരിപ്പുണ്ടായിരുന്നു.

മണി ഒന്നര, ഉച്ചയൂണിന് നേരമായി. നമ്മൾക്ക് ഊണൊരുക്കിയ അനിൽ ഇവിടെ ഹോട്ടൽ നടത്തുകയാണ്. നമുക്കിതാ ഇഷ്ടം

പോലെ പായസം ഉൾപ്പെടെ നല്ല ഒരു സദ്യ തയ്യാറാക്കിയിരിക്കുന്നു. വന്നിരുന്ന് കുടിച്ചാലും. ദർശനം മിത്രങ്ങളൊക്കെ ചേർന്ന് വിളമ്പി ക്കൊടുത്തു ഭക്ഷണം കഴിഞ്ഞ് ഗ്രൂപ്പ് ചർച്ചകൾക്ക് തുടക്കമിട്ടു. എല്ലാവർക്കും ഓരോ ചോദ്യാവലി കൊടുത്തു. ഇതാ വായന ക്കാർക്കും അത് നൽകുന്നു.

1. എന്നെ എതിർക്കുന്നവരേയും അവഗണിക്കുന്നവരേയും എന്നോട് സംസാരിക്കാൻ പോലും ഇഷ്ടപ്പെടാത്ത വരേയും ഉൾപ്പെടെ എല്ലാവരേയും സ്വന്തമാക്കുവാനും

അവർക്കുവേണ്ടിക്കൂടെ ഉള്ളവനാണ് ഞാൻ എന്നു കരുതി പെരു മാറുവാനും ഞാൻ പരിശീലിക്കാറുണ്ടോ?

2. കൈയിൽ വരുന്നതിൽ കുറച്ച് മാറ്റാർക്കെങ്കിലും കൂടി കൊടു ത്തുകൊണ്ടിരിക്കുവാൻ സന്തോഷമാണോ? കൊടുക്കാറുണ്ടോ?

3. നായർ, ഈഴവൻ, ഹിന്ദു, മുസ്ലീം, കൃസ്ത്യൻ, കേരളീയൻ, ഇന്ത്യക്കാരൻ, അമേരിക്കക്കാരൻ, തുടങ്ങി നാനാവിധ കുരുക്കുക ളിൽ നിന്ന് മനുഷ്യരാശി ഭൂമിക്കാരൻ എന്ന അത്യുന്നത പദവിയി ലേക്ക് ഉയരണം എന്ന് ആശിക്കാറിണ്ടോ?

4. അവനവനിൽ അഹംഭാവം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് സ്വയം പരിശോധിക്കാറുണ്ടോ? അപമാനിതനായേക്കാം എന്ന് തോനുന്ന കാര്യങ്ങളിൽ ഒഴിഞ്ഞുനിന്നേക്കാം എന്ന് കരുതാറുണ്ടോ?

5. വസ്ത്രധാരണം, വീടുവെയ്പ്പ്, അടിയന്തിരം നടത്തൽ, സംവാദം, തുടങ്ങിയ കാര്യങ്ങളിൽ തന്റെ വലിപ്പം ഇയർത്തിക്കാട്ട ണമെന്ന് വിചാരിക്കാറുണ്ടോ?

6. ഒരു മനുഷ്യന്റെ ഏറ്റവും ഉത്തമമായ സുരക്ഷാ ഘടകം മറ്റൊരു മനുഷ്യനല്ലേ? പണം, ആയുധം, സർക്കാർ ഇവക്കുപരി പരസ്പരം രക്ഷിച്ച് ജീവിക്കേണ്ട ഒരു ബന്ധുസമൂഹമാണ് നാം എന്ന ബോധം ഉള്ളിൽ വളർത്തിയെടുക്കാൻ ശ്രമിക്കാറുണ്ടോ?

7. സർവ്വോപരി വേരോടു നാമ്പ് ഒരു മാറ്റം ആവശ്യമാണെന്ന് തോന്നാറുണ്ടോ? അതിന് ലോകമാകെ ജനത മൈത്രിയിൽ വരിക യാണ് നേർവഴി എന്ന് കരുതാറുണ്ടോ? ശിഷ്ട ജീവിതത്തിൽ ഈ പുതിയ ലോകത്തിനു വേണ്ടി ആവുംവിധം ശ്രമിക്കുമെന്ന് സ്വയം നിശ്ചയിച്ച് അതിന് അനുസരിച്ച് സ്വന്തം ചലനങ്ങളിൽ മാറ്റം വരു ത്താൻ ശ്രമിക്കാറുണ്ടോ?

വിശാലമായ ആഡിറ്റോറിയത്തിൽ പല ഗ്രൂപ്പുകളായി തിരിഞ്ഞ് തറക്കൂട്ടം കൂടി പരിചയപ്പെട്ട് ചർച്ചകളിലേർപ്പെട്ടു. 4 മണിക്ക് വീണ്ടും യോഗം ചേർന്നു. ചുക്കു കാപ്പിയും ഉണ്ണിയപ്പവും എല്ലാവർക്കും ഒരു നവോന്മേഷം നൽകി. ഭക്ഷണം 150 പേർക്കാണ് തയ്യാറാക്കിയത്. ഹാജർ 130. നമ്മുടെ അയോദ്ധ്യാശിവന്റെ മകൾ ഇന്ദു അതിസുന്ദരമായി ആലപിച്ച ശാസ്ത്രീയ ഗാനങ്ങൾ വൃന്ദാവന സ്മൃതി ഉണർത്തി. രാമചന്ദ്രക്കുറുപ്പു ചേട്ടന്റെ കൊച്ചുമകൻ അഭിഷേകും ഇടയ്ക്കിടെ നല്ല പാട്ടുകൾ പാടി രസിപ്പിക്കുന്നുണ്ടായിരുന്നു. തുറവൂർ വിജയനാഥ് സാർ ഒരു സംഘഗാനത്തിലൂടെ എല്ലാവരേയും ഉന്മേഷഭരിതരാക്കി. തന്റെ ചിരിയോഗ കൂടി അവതരിപ്പിച്ചപ്പോൾ പരസ്പരാനന്ദമായി. തുടർന്ന് **സമാപന യോഗം** ആരംഭിച്ചു. ശ്രീ. ഹംസാ സാർ ദർശനത്തിന്റെ ഭാവി പ്രവർത്തനങ്ങൾ അയൽക്കൂട്ടങ്ങളേയും സ്കൂളുകളേയും കേന്ദ്രീകരിച്ചുള്ള ഒരു പ്രവർത്തന ശൈലിക്ക് രൂപം കൊടുത്ത് സംസാരിച്ചു. വൃന്ദാവനത്തിലെ ശ്രീ. ബാലചന്ദ്രൻ ദർശനത്തിന്റെ മഹത്തായ ലോക വീക്ഷണം തന്നെയാണ് ശരിയായ ആത്മീയത എന്ന് വ്യക്തമാക്കി. അച്ഛന് വൃന്ദാവനം പണിക്കരുസാറുമായുള്ള ബന്ധവും ഇവിടെ നടന്ന ദർശനം ക്യാമ്പും അനുസ്മരിച്ചു. ഇവിടെ ഒരു പരസ്പരാനന്ദ സംഗമം നടത്തുവാൻ ഞങ്ങൾ ശ്രീ. ബാലചന്ദ്രനെ സമീപിച്ചപ്പോൾ “ആഹാ കുറുപ്പു സാറിന്റെ പ്രവർത്തനങ്ങൾക്കാണോ ഇവിടെയുള്ള എല്ലാ സൗകര്യങ്ങളും ഉപയോഗിച്ചുകൊള്ളുക. ഒരു അന്യത്വവും പാടില്ല” എന്നു പറഞ്ഞു. എല്ലാം സൗജന്യമായി തരികയായിരുന്നു. ഗ്രൂപ്പു ചർച്ചകളുടെ വിശദീകരണങ്ങൾ അഡ്വ. സുരേഷ്, ഗീതാസാരസാക്ഷൻ, ശ്രീ. വിജയനാഥ് എന്നിവർ അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചകളിൽ പൊന്തി വന്ന പ്രസക്തമായ 3 ചോദ്യങ്ങൾ ഇവിടെ കുറിക്കുന്നു.

1. ഭാരതം ആക്രമിക്കപ്പെട്ടാൽ മൈത്രീഭാവനയുടെ പ്രസക്തി എന്ത്?

2. പള്ളിക്കൂടങ്ങൾക്കുള്ളിലേയ്ക്കും വീടുകളിലേയ്ക്കും വ്യാപിച്ചു വരുന്ന ലഹരിയുടെ ഈ അഗ്നി എങ്ങനെ നേരിടാം?

3. ഈ വ്യവസ്ഥിതി ഇങ്ങനെ പോയാൽ ദർശനം സ്വപ്നം കാണുന്ന പരസ്പരാനന്ദ സമൂഹം സാധ്യമാകുമോ?

വായനക്കാർ സ്വയം ഉത്തരം കണ്ടെത്തുക ഇവിടെ അറിയാ

വുന്നത് കുറിച്ചു നോക്കുന്നു എന്നു മാത്രം.

**ഉത്തരങ്ങൾ:**

1. **ഭാരതം ആക്രമിക്കപ്പെട്ടാൽ** :- മൈത്രീഭാവന സാഹചര്യങ്ങൾക്കനുസരിച്ച് മാറുന്നതല്ല. ഏത് വിപരീത സാഹചര്യത്തിലും നമ്മിൽ നിന്നും പുറത്തേയ്ക്ക് വരുന്ന മംഗളകാരിയായ ഒരു ചിന്താധാരയാണത്. കാറ്റു പോലെ നദി പോലെ അത് ഒഴുകി കൊണ്ടേയിരിക്കണം. പരസ്പരാനന്ദ ജീവിതത്തിലേയ്ക്കുള്ള മാർഗ്ഗമാണത്. ഹിംസയ്ക്കും അധർമ്മത്തിനുമെതിരെ അത് അന്തരീക്ഷത്തിൽ അനുരണനങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കും. നാം ഫലത്തെ കുറിച്ച് ചിന്തിക്കാതെ നമ്മുടെ ധർമ്മം പൂർണ്ണ വിശ്വാസത്തിൽ അനുഷ്ഠിച്ചു കൊണ്ടിരിക്കുക. ധർമ്മത്തെ രക്ഷിച്ചാൽ ധർമ്മം നമ്മെയും രക്ഷിക്കും. വ്യക്തിധർമ്മവും രാഷ്ട്രധർമ്മവും വ്യത്യസ്തമാണ്. രാഷ്ട്രത്തിന് അക്രമിയുടെ നേരെ എപ്പോഴും മൈത്രീഭാവന പ്രയോഗിക്കാനാവില്ല. ആവശ്യമെങ്കിൽ ഹിംസ പ്രവർത്തിക്കേണ്ടി വരും. ഓർക്കുക അനവസരത്തിൽ രാഷ്ട്രം ക്ഷമിച്ചാൽ ജനങ്ങൾ ഹിംസയ്ക്ക് ഇരയാകും.

2. **പള്ളിക്കൂടങ്ങൾക്കുള്ളിലേയ്ക്കും** :- ഈ ചോദ്യത്തിന്റെ ഉത്തരം കുട്ടികളെ പഠിപ്പിക്കും മുമ്പ് സമൂഹം പഠിക്കേണ്ടതാണ്. സമൂഹത്തെ കണ്ടാണല്ലോ കുട്ടികൾ പഠിക്കുന്നത്. ലോകം ഇന്ന് അജ്ഞാനത്താൽ ആവരണം ചെയ്യപ്പെട്ട് കിടക്കുന്നു. ആനന്ദത്തിന്റെ ഉറവിടം തേടി മനുഷ്യൻ ബാഹ്യലോകത്തിലേയ്ക്ക് ലഹരി വസ്തുക്കളിലേയ്ക്ക് ഒക്കെ നെട്ടോട്ടമാണ്. ചൂണ്ടയിൽ കോർത്തിട്ടിരിക്കുന്ന ഇര ഒരു മത്സ്യത്തെ മോഹിപ്പിക്കും പോലെ ലഹരി വസ്തുക്കളിൽ ആനന്ദം ഉണ്ടെന്ന് ധാരണ അതിനടിമയായവരിൽ അയഥാർത്ഥമായ ഒരു സുഖഭോഗത്തിന്റെ പ്രത്യാശ ജനിപ്പിക്കും. നിയന്ത്രിച്ചില്ലെങ്കിൽ അതിന് അടിമപ്പെട്ട് അവർ വീണ്ടും വീണ്ടും കുടിക്കുന്നു. അവസാനം മരണദേവൻ വന്ന് മോചിപ്പിക്കും വരെ ഇത് തുടരുന്നു. ആനന്ദം പുറത്ത് ലഭിക്കുന്നതല്ല. മനസ്സിലാണ് സുഖവും ദുഃഖവും. ഏത് കർമ്മത്തിന്റേയും ഭവിഷ്യത്തെന്താണെന്ന് നമ്മൾ അറിഞ്ഞിരിക്കണം. ആനന്ദത്തിനായി ലഹരി വസ്തുക്കളുടെ പുറകേ പോയാൽ പോയവരും കുടുംബവും നാശമടയുന്നു. ഈ ബോധം

ഉണരണം. സുഖഭോഗങ്ങൾക്കായി പുറത്തോട്ടുള്ള ഓട്ടം നിയന്ത്രിച്ച് അവനവന്റെ പണിയെടുത്ത് ഉള്ളത് മറ്റുള്ളവരുമായി പങ്കു വെക്കണം അപ്പോൾ അനുഭവിക്കുന്ന സംതൃപ്തിയാണ് ആനന്ദം. അത് ഉപ്പില്ലാതെ കഞ്ഞി കുടിച്ച് തറയിൽ കിടന്നുറങ്ങേണ്ടി വന്നാലും വേണ്ടുവോളം കിട്ടും. ജീവിത താളം തെറ്റി സ്വയം മറന്ന് കണ്ട മാനം തിന്ന് പഞ്ചനക്ഷത്ര ഹോട്ടലിൽ കൂട്ടും കൂടി കിടന്നാലും ഉറ ങ്ങാൻ ഉറക്ക ഗുളികകൾ പോരാതെ വരും. “ആശുപത്രികൾ ധാരാ ളമുണ്ട്, പക്ഷേ ആരോഗ്യമില്ല” എന്നതു പോലെ കുട്ടികൾ ഒരു പാട് പഠിക്കുന്നുണ്ട്. പക്ഷേ നല്ല സംസ്കാരം ഉണ്ടാകുന്നില്ല. മനു ഷ്യനും പ്രകൃതിയും തമ്മിലുള്ള താളം തെറ്റാതിരിക്കാൻ അവരെ പഠിപ്പിക്കണം. അവർക്ക് വേണ്ട സൗകര്യങ്ങളും സംസ്കാരവും നൽകുമ്പോഴാണ് ഉത്തമ പൗരന്മാരായി അവർ വളർന്നു വരുന്ന ത്. വീട്ടിൽ സദ്യയുണ്ടെങ്കിൽ ഭക്ഷണത്തിനായി ആരും തട്ടുകടക ളിൽ പോകുകയില്ല. കുടുംബാന്തരീക്ഷത്തിൽ സ്വയം തൃപ്തരായ വർ സുഖം തേടി ലഹരി വസ്തുക്കളുടെ പുറകേ പോകുകയില്ല.

3. **ഈ വ്യവസ്ഥിതി** :- ഒരു തീ പിടുത്തം കണ്ടാൽ അവിടെ പെട്രോൾ അല്ലല്ലോ ഒഴിക്കേണ്ടത്. കഴിയുന്നത്ര വെള്ളം ഒഴിച്ച് തീ കെടുത്താൻ നോക്കുക. നമുക്ക് പരിമിതികളുണ്ട്, എന്നാൽ വിശ്വ ശക്തിക്ക് പരിമിതികളൊന്നുമില്ല. ആ ശക്തി തന്നെ നമ്മുടെ ഉള്ളിലും ജീവരൂപത്തിൽ കുടികൊള്ളുന്നു. അതിനെ കൂട്ടു പിടിക്കുക. സ്വാത ന്ത്ര്യസമരത്തിന്റെ ആദ്യ ഘട്ടത്തിൽ എം.കെ ഗാന്ധിയുടെ നേതൃ ത്വത്തിൽ നടന്ന അഹിംസാത്മക സമരം കൊണ്ട് സൂര്യനസ്തമി ക്കാത്ത ഒരു സാമ്രാജ്യ ശക്തിയെ ഇവിടെ നിന്നും കെട്ടു കെട്ടി ക്കാമെന്ന് ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുമായിരുന്നോ? ഭാരതം സ്വതന്ത്രമായപ്പോൾ, മഹാത്മജിയുടെ മുമ്പിൽ ഞങ്ങൾ ഇതാ തോറ്റിരിക്കുന്നു എന്നു പറഞ്ഞ് അന്നത്തെ വൈസ്രോയി മൗണ്ട് ബാറ്റൺ പ്രഭു ഇന്ത്യയിൽ നിന്നും വിടവാങ്ങിയത് ചരിത്ര സത്യം. ഈ ലോകം ഇങ്ങനെ അഴിമതിയും സ്ഫോടനവും പീഡനവും നോട്ടും വോട്ടുമായി ഏറെ മുന്നോട്ട് പോകുകയില്ലെന്ന് ആർക്കാണ് മനസ്സിലാവാത്തത്. ഈ പ്രതിസന്ധി സുഗമമായി പരിഹരിക്കാനാണ് ദർശനം നല്ല ഒരു സ്വപ്നം കണ്ട് കർമ്മ നിരതരാകുവാൻ അഭ്യർത്ഥി ക്കുന്നത്. ചിന്തകൾ നന്മകൾ കൊണ്ട് നിറഞ്ഞാൽ വരും കാല

ജീവിതം ധന്യമാകും. ദർശനം പ്രചരിപ്പിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം അതനുസരിച്ച് ജീവിക്കുക എന്നത് മാത്രമാണ്. വേറെ എളുപ്പ വഴികളൊന്നുമില്ല. ലോകം നന്നാവാത്തത് ഓർത്ത് ആരും അസ്വ സ്ഥരാകേണ്ടതില്ല. ലോകം സൃഷ്ടിച്ച ശക്തി ലോകം നോക്കികൊ ള്ളും. വീട്ടുപകരണങ്ങൾ നന്നാക്കും പോലെ നന്നാക്കാൻ ഈ ലോകം അത്ര ചെറുതൊന്നുമല്ല. മൈത്രീഭാവന കൊണ്ട് സ്വന്തം മനസ്സൊന്ന് നന്നാക്കൂ സമൂഹജീവിതത്തിലേയ്ക്ക് ഉയരൂ ഇത്രമാത്രമേ ദർശനം ആവശ്യപ്പെടുന്നുള്ളൂ.

**സ്മരാഞ്ജലിയിലെ ജൈവാർച്ചനകൾ** :- സർവ്വശ്രീ. ഗോപിക്കുട്ടൻ അമ്പലപ്പുഴ - 1000, പ്രൊഫ. ശിവശങ്കരൻ - 1000, ഗീതാ സാരസാക്ഷൻ - 1000, ബോസ് ചേട്ടൻ - 300, അഡ്വ. ബി. സുരേഷ് - 200, അജിത് പഴവീട് - 500, കഞ്ഞിപ്പാടത്തു നിന്നും സനൽകുമാർ - 500, രമാ സുരേന്ദ്രൻ - 100, ഗോപാലി അണ്ണൻ ഗോപിക - 250, അനിയൻകുട്ടൻ കൈതക്കളം - 350, അനിരുദ്ധൻ സാർ - 300, വാസപ്പൻ ചേട്ടൻ - 100, രാമചന്ദ്രക്കുറുപ്പ് - 250, / ശിവൻ അയോദ്ധ്യ - 500, ആന്റണി ചങ്ങനാശ്ശേരി - 100, ബാബു, ചൈതന്യ - 200, ഡോ. എൻ.എൻ പണിക്കർ - 500, ശ്രീകുമാരി ചേച്ചി - 500, അപ്പുക്കുട്ടൻ സാർ ശാസ്താംകോട്ട - 500, ജി.പി ചേട്ടൻ - 300, സുരേഷ് കുമാർ തോട്ടപ്പള്ളി - 500, മുഹമ്മദലി കളർകോട് - 500, അമ്മിണി ചേച്ചി അമ്പലപ്പുഴ - 300, വിജയനാഥ് തുറവൂർ - 500, രാജീവ് അമ്പലപ്പുഴ - 500, അഷറഫ് കളർകോട് - 500, ഡോ. പത്മകുമാർ നീർക്കുന്നം - 1500, ഡോ.പി.ഗോപാലകൃഷ്ണൻ-500, സനൽകുമാർ-500, നന്ദകുമാർ, നീർക്കുന്നം-250, മണിയമ്മ വാടയ്ക്കൽ - 1000, അനിൽ കുമാർ ചിങ്ങവനം - 1000, കെ. ചെല്ലപ്പൻ കാക്കാഴം - 500, കബീർ തുണ്ടിൽ - 1000, ബസ്താംഷാ നീർക്കുന്നം - 100, കബീർ പാലക്കാട് - 200, സതീശ് ചന്ദ്രൻ അമ്പലപ്പുഴ - 500, പരമേശ്വരൻ നമ്പൂതിരി ആലത്തൂർ - 200, നൗഷാജ് ഇടപ്പള്ളി-100, ഡോ.എൻ.ഹിരഹരൻ-100, ജി.സി.കുറുപ്പ് -100. ഈ അർച്ചനകൾകൊണ്ട് സ്മരണാഞ്ജലി മംഗളകരമായി നടന്നു. ഇതാ അടുത്ത ലക്കവും പുതുവർഷക്കലണ്ടറും വായനക്കാർക്കായി സമർപ്പിക്കുന്നു. ജയ്ജഗത്ത്

# ഗീതാ പ്രവചനസംക്ഷേപം

**അദ്ധ്യായം 3** **പ്രൊഫ. വി.മുരളീധരമേനോൻ**

രണ്ടാമദ്ധ്യായത്തിൽ പറഞ്ഞുവെച്ച തത്ത്വശാസ്ത്രത്തിന്റെ സൂക്ഷ്മവും വിശദവുമായ ചർച്ചയാണ് ഈ അദ്ധ്യായത്തിലുള്ളത്. ഫലത്യാഗപൂർവ്വം ചെയ്യുന്ന കർമ്മത്തിനു ഫലമുണ്ടോ എന്ന സമീക്ഷയാണിവിടെ. ഫലമുണ്ട്, അതിമഹത്തായ ഫലം.

സാധാരണമനുഷ്യൻ ഫലം കൊതിച്ച് അനൽപ്പകർമ്മംചെയ്ത് അൽപ്പഫലം നേടുമ്പോൾ കർമ്മയോഗി അൽപ്പകർമ്മം ചെയ്ത് അനൽപ്പഫലം സമ്പാദിക്കുന്നു.

കർമ്മത്തിന്റെ ഫലം, പ്രതിഫലം അതിന്റെ പരിമാണം നോക്കിയല്ല, അതിന്റെ പിന്നിലുള്ള ചിത്തവൃത്തിനോക്കിയാണ് നിശ്ചയിക്കപ്പെടുന്നത്. കുചേലൻ ദ്വാരകാനാഥന് കാഴ്ചവച്ച ആ ഒരുപിടി അവലിന് നമ്മുടെ വിപണിയിൽ എന്തുവിലവീഴും? പക്ഷേ, ഭഗവാന് അത് അത്യനർഘമായ, ഹൃദ്യമായ നിവേദ്യമായിത്തോന്നി. കാരണം, ആ ചെറിയ പൊതിയിലെ ഓരോ അവൽത്തരിയിലും ആ പരമഭക്തന്റെ ആർദ്രപ്രേമം, സാന്ദ്രഭക്തി ഉൾച്ചേർന്നിരുന്നു. എന്നുവച്ചാൽ കർമ്മത്തിന്റെ സ്ഥൂലപ്രകടനത്തിനല്ല, അതിന്റെ അന്തർഭാവത്തിനാണ്, ഭാവനയ്ക്കാണ് വില. വിഗ്രഹത്തിന്റെ വില കല്ലുനോക്കിയാണോ നിശ്ചയിക്കുന്നത്? ആ കല്ലിൽ ഉപാസകന്റെ പ്രാണപ്രതിഷ്ഠയുണ്ട്. അതിന് എങ്ങനെ വിലനിർണ്ണയിക്കും? കൂലിയും ദക്ഷിണയും തമ്മിലുള്ള വ്യത്യാസം ദൃഷ്ടാന്തം. ഒരു പൂവിതളിന് എന്തു കനം? പക്ഷെ, ഭക്തി ശ്രദ്ധാപൂർവ്വം അഭിമന്ത്രിച്ച് അത് ജഗദീശ്വനർപ്പിച്ചാൽ അതിന് ബ്രഹ്മാണ്ഡത്തിന്റെ കനം തൂങ്ങും. രുഗ്മിണി ഒരു തുളസിക്കതിർകൊണ്ടാണ് ഗിരിധരനായ മഹാപ്രഭുവിനെ തൂക്കിയത്. കൃഷ്ണപ്രാണയായ ആ മനസ്വിനിയുടെ പ്രേമവായ്പും ഭക്തിത്തുടുപ്പും ആ തുളസീദളത്തിലുണ്ടായിരുന്നു. ശുഷ്കശാസ്ത്രജ്ഞനും പരമഭക്തനും ഗംഗാസ്നാനം ചെയ്താൽ ഒരു ഫലമാണോ കിട്ടുക? ശാസ്ത്രജ്ഞന് ദേഹശുദ്ധി കിട്ടും, ഭക്തന് ദേഹശുദ്ധിയോടൊപ്പം ചിത്തശുദ്ധിയും.

അപ്പോൾ, ഒരു കർമ്മം തന്നെ രണ്ടുപേർ രണ്ടുഭാവനയോടെ ചെയ്യുമ്പോൾ രണ്ടുഫലം കിട്ടുന്നു. പാരമാർത്ഥികന് കർമ്മം ആത്മവികാസ സാധകം, ലൗകികന് അത് ആത്മ ബന്ധകാരകവും. സംയമനം തന്നെ കർമ്മയോഗരഹസ്യം. കർമ്മയോഗിയുടെ കർമ്മം

അയാളെ ഈ പ്രപഞ്ചവുമായി മേളിപ്പിക്കുന്നു, രഞ്ജിപ്പിക്കുന്നു. നിഷ്കാമയോഗിയുടെ കർമ്മം അയാൾക്കും സമൂഹത്തിനും ഒപ്പം ഗുണമേചെയ്യൂ. സ്വധർമ്മത്തിലുള്ള കർമ്മം സമുദായത്തിന് മംഗ ളകരമായേ വരൂ. വേറൊന്നുകൂടിയുണ്ട് ആ കർമ്മംകൊണ്ട്; ചിത്ത ശുദ്ധി കാരണം കർമ്മയോഗത്തിൽ കർമ്മം ഉപാസനയാണ്, അതു കൊണ്ടത് ആദ്ധ്യാത്മികവും. അത് ചിത്തത്തിന്റെ മാലിന്യങ്ങളകറ്റി പവിത്രീകരിക്കുന്നു. ഇങ്ങനെ പരിണാമ പൂർത്തിവന്ന കർമ്മയോഗി സമുദായത്തിന്റെ ആദർശപൂരുഷനായി വാഴുന്നു. ജ്ഞാനികൾ വെറുതെയിരുന്നാൽ മറ്റുള്ളവരും നിഷ്ക്രിയരായിരിക്കും. അതു കൊണ്ടാണ് എല്ലാ മഹാപുരുഷന്മാരും സിദ്ധദശയിലെത്തിയിട്ടും സ്വധർമ്മാചരണം ആമരണം തുടർന്നുകൊണ്ടിരിക്കുന്നത്.

അപ്പോൾ സാരമിതാണ്; ഫലേച്ഛയില്ലാതെ കർമ്മം ചെയ്തു കൊണ്ട് കർമ്മയോഗി ജീവിക്കുമ്പോൾ  അയാളുടെ ദേഹമനോ ബുദ്ധികൾക്ക് ബലവീര്യതേജസ്സുകളുണ്ടാകുന്നു. അയാൾ ചെയ്യുന്ന കർമ്മത്തിന്റെ  ഫലം ഏറുന്നു. മനസ്സ് ശുദ്ധീകരിക്കപ്പെടുകയും അതിൽ ജ്ഞാനം പ്രകാശിക്കപ്പെടുകയും ചെയ്യുന്നു. അദ്ദേഹം അധി വസിക്കുന്ന സമുദായം ഈ മാതൃകാ പൂരുഷന്റെ ധന്യജീവിതം കൊണ്ട് ഏറെയും പ്രബുദ്ധമാകുന്നു പ്രചോദിതമാകുന്നു.

കർമ്മയോഗച്യുതി വതുന്നത് രണ്ടു കാരണങ്ങൾകൊണ്ടാണ്. ഇന്ദ്രീയങ്ങളുടെ രാഗങ്ങളും ദ്വേഷങ്ങളും  ഇഷ്ടവിഷയങ്ങളിൽ കൊതി, അനിഷ്ടവിഷയങ്ങളിൽ വെറുപ്പ്. ഈ സംഗദ്വേഷങ്ങൾ കാമക്രോധങ്ങൾ മനുഷ്യനെ നിത്യവും വലയ്ക്കുന്നു. അതുകൊ ണ്ടാണ് ഇന്ദ്രിയങ്ങളുടെ പിടിയിൽനിന്നു നാം സ്വയം മോചിപ്പിക്ക ണമെന്ന് ഭഗവാൻ ഈ അദ്ധ്യായത്തിന്റെ ഒടുവിലായി നമ്മോടുപ ദേശിക്കുന്നത്. കർമ്മയോഗം ഇന്ദ്രീയസംയമനം തന്നെ. ഈ സംയമം തന്നെ സ്ഥിതപ്രജ്ഞതയ്ക്കും വേണ്ടത്.

---

# ഉപവാസം

**കെ.വി ദയാൽ, മുഹമ്മ**

ജീവാത്മാ - പരമാത്മാക്കളുടെ സമീപ സ്ഥിതിയെയാണ് ഉപ വാസം എന്ന് പറയുന്നത്. ഉപ-വസിക്കുക എന്നാൽ അടുത്ത് ഇരി ക്കുക. അല്ലാതെ ആഹാരം കഴിയ്ക്കാതെയുള്ള കേവലം ശരീര ശോഷണം യഥാർത്ഥത്തിൽ ഉപവാസമല്ല. ഇത് വരാഹോപനിഷത്ത് രണ്ടാം അദ്ധ്യായം 39-ൽ പറഞ്ഞിട്ടുണ്ട്. ഇതേപ്പറ്റി ആഴത്തിൽ പഠി ക്കുന്നത് നന്നായിരിക്കും. ശരിയായി ഉപവസിച്ചിട്ടുള്ള ഒരു മഹാ

ത്മാവായിരുന്നു ഗാന്ധിജി. ഉപവാസം കൊണ്ട് ശരീര മനസ്സുകൾ ശുദ്ധീകരിക്കപ്പെടുന്നു. ദേഹത്തിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ പുറംതള്ളുന്നു. ഉപവാസ സമയം ദഹനത്തിനായി ഉപയോഗിക്കേണ്ടി വരുന്ന ഊർജ്ജം രോഗശമനത്തിനായി തിരിച്ചു വിടുന്നു. തുടക്കത്തിൽ ഒരു നേരമോ, ഒരു ദിവസമോ ക്രമമായി ഉപവസിച്ച് മൂന്നു ദിവസം വരെ അത് ആസ്വദിക്കാം. കഠിനമായ ജോലികൾ ഒഴിവാക്കി കൃഷികാര്യങ്ങൾ ചെയ്ത് സന്തോഷമായി ഉപവസിക്കുക. സാത്വികമായ ആഹാരവും കഴിച്ച് മാസത്തിൽ ഒന്നോ രണ്ടോ ദിവസം ശുദ്ധമായ ജലം മാത്രം കഴിച്ച് ഉപവസിക്കുകയും ചെയ്താൽ ആശുപത്രികളിൽ ആരെയെങ്കിലും കാണാൻ വേണ്ടിയല്ലാതെ നിങ്ങൾക്ക് പോകേണ്ടി വരികയില്ല. ശരീരരക്ഷയ്ക്ക് മാത്രമുള്ളതല്ല ഉപവാസം മനസ്സിന്റേയും രക്ഷയ്ക്കു വേണ്ടിയാണ്. നമുക്ക് ആവശ്യമില്ലാത്ത ആഹാരം കഴിക്കാൻ പാടില്ലാത്തതു പോലെ നമുക്ക് ആവശ്യമില്ലാത്ത ചിന്തകൾക്ക് മനസ്സിൽ ഇടം കൊടുക്കാതിരിക്കുമ്പോഴാണ് ഉപവാസം പൂർണ്ണമാകുന്നത്. ഉപവാസം നമ്മെ ജീവിത ലക്ഷ്യത്തിലേയ്ക്ക് കൈപിടിച്ച് കൊണ്ടു പോകുന്നു. ജീവിതം സുന്ദരമാക്കുന്നു. എന്നാൽ എല്ലാ പ്രവർത്തനങ്ങൾക്കും ഒരു അതിർത്തി വേണം.

അമിത ഉപവാസം ആപത്താണ്. ദീർഘോപവാസം ചെയ്ത് പോഷക ശോഷണം സംഭവിച്ചതുകൊണ്ട് ഉണ്ടായ രോഗങ്ങളുമായി പ്രത്യേകിച്ച് ഡയബറ്റിസുമായി പലരും എന്നെ സമീപിക്കുന്നു എന്നതിനാലാണ് ഇത് കുറിക്കുന്നത്. ശരീരത്തിൽ മാലിന്യം അധികരിച്ചിരിക്കുമ്പോൾ ഭക്ഷണം കഴിക്കാതെ വിശ്രമിച്ചാൽ നല്ല സുഖം അനുഭവപ്പെടും. എന്നാൽ കൂടെക്കൂടെ ഉപവസിക്കുന്നത് അത്ര നല്ലതല്ല എന്നാണ് എന്റെ അഭിപ്രായം. എച്ച്.ബി 10-ൽത്താഴെയുള്ളവർ ഉപവാസം എടുക്കാതിരിക്കുന്നതാണ് നല്ലത്.

## അശാന്തിനേ കാരണം കിം ?

ഇന്നത്തെ സമൂഹത്തിൽ ദുഃഖവും അസ്വസ്ഥതയുമുള്ള ജനങ്ങൾ ധാരാളമുണ്ട്. രോഗം മൂലവും സമ്പത്ത്, പാർപ്പിടം, അന്നം എന്നിവയുടെ അഭാവത്താലും ഖേദിക്കുന്നതിലുപരി തനിക്കസാദ്ധ്യമായതിനെ സാദ്ധ്യമാകുന്നില്ല എന്നതത്രേ ചില വ്യക്തികളുടെ ദുഃഖകാരണം. ഒരു കാലിനു ജന്മനാ സ്വാധീനമില്ലാത്ത വ്യക്തിയുടെ ദുഃഖം തനിക്ക് ഓടുവാനോ, ചാടുവാനോ സാധിക്കുന്നില്ലല്ലോ എന്ന

താണ്. ഒരു കാലിന്റെ സ്വാധീനം കൊണ്ടും നിർവ്വഹിക്കപ്പെടാൻ സാദ്ധ്യമായ അനവധി സത്കാര്യങ്ങൾ ഉണ്ടെന്ന കാര്യം പാടെ വിസ്മരിക്കുന്നു. സാമ്പത്തികമായി പിന്നോക്കമായുള്ള കുടുംബ ത്തിൽ കഴിയുന്ന വ്യക്തി താനൊരു പണക്കാരനാവാൻ സാധിക്കാത്തതിൽ ദുഃഖിക്കുന്നു. ആ ദുഃഖം അയാളിൽ പണക്കാ രായിട്ടുള്ള വ്യക്തികളോടുള്ള അസൂയയും വെറുപ്പും പ്രതികാര ചിന്തകളും വരെ ഉണ്ടാക്കുന്നു. ഫലമോ തനിക്കും കുടുംബത്തി നുമുള്ള ശാന്തിതന്നെ നശിക്കുന്നു.

തേങ്ങയുണ്ടാവാത്തതിൽ കവുങ്ങിനു ഖേദം
മാങ്ങയുണ്ടാവാത്തതിൽ തെങ്ങിനു ഖേദം

നമ്മുടെ മനസ്സ് സ്വാർത്ഥകാര്യത്തിൽ നിരന്തരം മുഴുകിയിരി ക്കുന്നു. അതിന്നത്തെ പലവിധ ദുഃഖങ്ങൾക്കും ഹേതുവാകുന്നു. ഒരാൾക്ക് ഉന്നതി (സാമ്പത്തികം, വിദ്യാഭ്യാസം തുടങ്ങി) ലഭിക്കു ന്നത് മറ്റൊരാൾക്ക് ഖേദവും, കോപവും താപവും സൃഷ്ടിക്കുന്നു. അതിനാലിന്ന് പരസ്പരൈക്യം, സേവനമനോഭാവം എന്നിവ അനു സ്യൂതം കുറഞ്ഞു കൊണ്ടിരിക്കുന്നു. വിവേകാനന്ദ സ്വാമികൾ പറ യുന്നു. “മനുഷ്യ വർഗ്ഗത്തെ സേവിക്കണമെന്ന് ആഗ്രഹിക്കുന്ന വർ അവരുടെ സുഖവും ദുഃഖവും പേരും പെരുമയും, എല്ലാത്ത രത്തിലുള്ള സ്വാർത്ഥ താത്പര്യങ്ങളും ഉപേക്ഷിക്കണം. നിസ്വാർത്ഥരായ സ്നേഹമുള്ള ആളുകളെയാണ് ലോകത്തിനാവ ശ്യം” അദ്ദേഹം വീണ്ടും ഓർമ്മിപ്പിക്കുന്നു. “ലോകത്തിനു നന്മ ചെയ്യുക എന്നതാണ് നമ്മുടെ ജീവിത ലക്ഷ്യം. അല്ലാതെ നമ്മുടെ പേരു മുഴക്കുക എന്നതല്ല”. നാം ഒരു വൃക്ഷത്തെ മറ്റൊരിട ത്തേയ്ക്കു മാറ്റി നടുമ്പോൾ അതു നിന്നിരുന്ന സ്ഥലത്തെ കുറച്ചു മണ്ണും ഒപ്പം എടുക്കുന്നു. ആ മണ്ണും പുതിയ സ്ഥലത്തെ മണ്ണും പരസ്പരം യോജിച്ചാലേ ആ ചെടി പുഷ്ടിയോടു കൂടി വളരൂ. അല്ലെ ങ്കിൽ അതിനു സംഭവിക്കുന്നത് വളർച്ചയല്ല തളർച്ചയാണ്. സ്നേഹ വും, ഐക്യവും പരസ്പരം ഉണ്ടായാൽ മാത്രമേ സന്തോഷപൂർണ്ണ മായ ജീവിതം സാദ്ധ്യമാകൂ. ആദ്യകാലങ്ങളിൽ ജനങ്ങൾ അതി ഥിയെ ദേവനായി കണ്ടിരുന്നു. എന്നാലിക്കാലത്ത് സ്വന്തം ബന്ധു ക്കളെപ്പോലും നീരസത്തോടെ വീക്ഷിക്കുന്ന ജനങ്ങൾ ധാരാളം ! നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന മഹത് വചനത്തെ ആരാണ് അനുസരിക്കുന്നത് ? സമൂഹത്തിലെ ഓരോ വ്യക്തിയേയും നമ്മുടെ സ്വന്തമായി കണ്ടുകൊണ്ട് പരസ്പ

രാനന്ദ ജീവിതം നയിക്കുവാൻ സാധിച്ചാൽ ലോകത്തിൽ ദുഃഖങ്ങൾക്ക് സ്ഥാനമുണ്ടാവില്ല. ഈ പ്രപഞ്ചത്തെ ഒരു സന്തുഷ്ട പ്രപഞ്ചമാക്കി മാറ്റുവാൻ കഴിയും. ഇത് പണച്ചിലവധികമുള്ള കാര്യമല്ല. ഓരോ വ്യക്തിയുടേയും മനസ്സ് അതിന് താത്പര്യപ്പെടണമെന്നു മാത്രം. പരസ്പരൈക്യം വീണ്ടെടുക്കാൻ കഴിഞ്ഞാൽ പിന്നെന്തിനു ദുഃഖം? പിന്നെവിടെ അക്രമം? പിന്നെവിടെ അശാന്തി?

ഓം ശാന്തി ശാന്തി ശാന്തിഃ

സനൽകുമാർ

9605896925

# ഫാ. തച്ചിലിന്റെ കത്ത്

തൃക്കാക്കര, കൊച്ചിൻ – 21

ആത്മമിത്രമേ,

ഓമന മകൾ കൃഷ്ണ വിവാഹിതയാകുന്നു എന്നറിയുന്നതിൽ സന്തോഷം. വരൻ ആനന്ദ് ബി. കൃഷ്ണയ്ക്കും, കൃഷ്ണയ്ക്കും എല്ലാവിധ ആശംസകളും നേരുന്നു. നേരിട്ട് വരണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും സാധിച്ചില്ല. രണ്ടു പേരിലും ഭഗവാന്റെ പേരുണ്ടല്ലോ. അവിടുത്തെ കൃപ എന്നും ഉണ്ടായിരിക്കും.

ദർശനം നിർത്താതെ നടത്തിക്കൊണ്ട് പോകുന്നതിൽ ഏറെ സന്തോഷം. കുറുപ്പു സാറിനെ പോലെ യുഗാദിശായിയായ മനസ്സോടു കൂടിയ ഒരാൾ തുടങ്ങി വെച്ച മഹാസംരംഭം തുടർന്നു കൊണ്ടു പോകുക വലിയൊരു കർമ്മ സാധനയാണ്. ഇന്ന് ലോകം കൂടുതൽ ഹിംസാത്മകമായി മാറിയിരിക്കുന്നു. ഹിംസ ഒരു സാധാരണ രീതിയായി തീർന്നിരിക്കുന്നു. രക്തത്തിൽ രമിക്കുന്നവരുടെ എണ്ണം പെരുകുന്നു. ഹിംസ മനുഷ്യരാശിക്ക് വ്യാകുലത വരുത്തിക്കൊണ്ട് മുന്നോട്ടുള്ള യാത്രയിലാണ്. അഹിംസാവാദികളായവരുടെ ഉള്ളിൽ പോലും ഹിംസയുടെ അഗ്നി വെച്ചു പുലർത്തുന്നതായി കാണാം. രക്തം ചീന്താതിരിക്കുക മാത്രമല്ല അഹിംസ, മനസ്സാ വാചാ കർമ്മണാ അഹിംസ പരിശീലിച്ചില്ലെങ്കിൽ വെറും പറച്ചിൽ കൊണ്ട് പ്രയോജനമില്ല. മനുഷ്യരിലെ ഹിംസാ പ്രേരണകളെ തിരിച്ചറിഞ്ഞ് അതിനെ മെരുക്കിയെടുക്കുന്നത് ഒരു പ്രയത്നം തന്നെയാണ്. മനുഷ്യന്റെ മനോഭാവം ഒന്ന് മാറേണ്ടിയിരിക്കുന്നു. തന്നെപ്പോലെ തന്നെ മറ്റുള്ളവരേയും കാണാൻ കഴിയണം. അപ്പോൾ

ഉള്ളിൽ നിന്നും സ്നേഹത്തിന്റെ ഉറവ പൊട്ടി വരും. ഈ സ്നേഹ പ്രവാഹത്തിൽ ഹിംസ പിന്നെ നിലനിൽക്കുകയില്ല. മഹാത്മാക്കൾ കാട്ടിത്തന്ന ഈ വഴി ഇനിയെങ്കിലും മനുഷ്യരാശി തിരിച്ചറിഞ്ഞ് സ്വീകരിക്കട്ടെ എന്ന് സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു.

# കൊച്ചുവർത്തമാനം

## കാലശേഷം

ശ്രീ. മുരളീധരമേനോൻ സാറിന്റെ വീട്ടിൽ പോയിരുന്ന് സാറിന്റെ സംഭാഷണം കേട്ട് ആസ്വദിക്കുക എന്നത് ഞങ്ങൾ ശിഷ്യർക്ക് വളരെ സന്തോഷപ്രദമായിരുന്നു. വിജ്ഞാനം നർമ്മരസത്തിൽ കുതിർത്ത് അനർഗ്ഗളമായി ഒഴുകിക്കൊണ്ടിരിക്കുന്നതു കേട്ടാൽ ആർക്കാണ് മതിവരിക. അങ്ങനെയിരിക്കെ അയൽവാസിയും മന്ദബുദ്ധിയുമായ ഒരാൾ പൈസ ചോദിച്ചു കൊണ്ട് കയറി വന്നു. ഇടയ്ക്ക് വരാറുള്ളയാളാണ്. 10 രൂപ കൊടുത്താൽ തൃപ്തിയാകാതെ പിന്നെയും ചോദിക്കും, സാർ അവനോട് പറയുന്നത് കേട്ടിട്ടുണ്ട് എടാ, നീ ഇപ്പോൾ ഉള്ളത് കൊണ്ടു പോകുക പിന്നീട് എന്റെ കാലശേഷം ഞാൻ സമ്പാദിക്കുന്ന സ്വത്ത് മുഴുവൻ നിനക്ക് നൽകാം. അതു കേട്ട് അവൻ സന്തോഷത്തോടെ തിരിച്ചു പോകും. ഞങ്ങൾ ഇരുന്ന് ചിരിക്കും, അവനെ നാം മന്ദബുദ്ധി എന്ന് വിളിക്കുന്നു എന്നാൽ നമ്മുടെ പ്രവൃത്തികളെല്ലാം ബുദ്ധിപൂർവ്വം തന്നെയാണോ? നമ്മുടെ ജീവിതസുരക്ഷിതത്വത്തിന് വേണ്ടി നാം കണക്കുകൂട്ടി ചെയ്യുന്ന പ്രവർത്തനങ്ങളൊക്കെ ഇപ്പോൾ എവിടെച്ചെന്നു നിൽക്കുന്നു എന്ന് സ്വയം ഒന്ന് പരിശോധിക്കുന്നത് നല്ലതാണ്. അനുഭവാമൃതങ്ങൾ ശിഷ്ടകാല ജീവിതത്തിന് പ്രയോജനപ്രദമാകുമല്ലോ.

ഒരിക്കൽ ഒരു ദർശനം മിത്രം അദ്ദേഹത്തിന്റെ വീട്ടിലെ ഒരു പ്രതിസന്ധി പരിഹരിക്കുവാൻ എന്നെ വിളിച്ചു. മൂപ്പർക്ക് കുറച്ച് സ്ഥലമുണ്ട് അത് മക്കൾക്കായി വാക്കാൽ വീതിച്ചു കൊടുത്തു. അതിൽ ഒരു മകന് വീട് വെയ്ക്കണം എന്നാൽ ആധാരം എഴുതി വസ്തു കൊടുത്തിട്ടില്ല. കൊടുത്താൽ അവർ വിറ്റു കളയുമോ എന്നാണ് ചേട്ടന്റെ ഭയം. മരുമകൾക്ക് അവരുടെ വീട്ടിൽ പുര വെയ്ക്കാനാണ് താത്പര്യം. എന്റെ ജീവിതകാലത്ത് ഞാൻ ഉണ്ടാക്കിയ വസ്തു സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്. വസ്തു എഴുതിക്കൊടുക്കാതെ മകൻ പുരയും വെയ്ക്കുകയില്ല ഇതാണ് പ്രതിസന്ധി. പ്രശ്നം പരിഹരിക്കുവാൻ ഞാൻ ആവത് പരിശ്രമിച്ചു നോക്കി. ചേട്ടാ ചേട്ടനിപ്പോൾ തന്നെ വൃദ്ധനാണ്, ഏതു സമയത്തും

മരിച്ചു പോകാം ഉള്ളത് ഇപ്പോൾ തന്നെ പങ്കിട്ടേക്കുക. അവർ എന്തെങ്കിലും ചെയ്യട്ടെ, ചേട്ടനിത് കാലശേഷം സംരക്ഷിക്കാനാകുമോ? എത്ര പറഞ്ഞിട്ടും ചേട്ടൻ പിടിവിടുന്ന ലക്ഷണമില്ല. ഞാൻ പാടുപെട്ട് ഉണ്ടാക്കിയതാണ് എന്റെ കൺമുമ്പിൽ ഈ വസ്തു വിറ്റാൽ വിഷമം കൊണ്ട് ഞാൻ ചത്തു പോകുമെന്ന് പറഞ്ഞു. വിറ്റില്ലെങ്കിലും ചത്തു പോകുമെന്ന് ഞാനും പറഞ്ഞെങ്കിലും ഈ ഹോമിയോ മരുന്നൊന്നും ഫലം കണ്ടില്ല. എന്നാൽ വിശദമായി ഒന്നെഴുതി നോക്കട്ടെ. ദർശനം വായനക്കാരനായ അദ്ദേഹം ഇത് വായിച്ച് പരിവർത്തനം എന്തെങ്കിലും വരുത്തുമോ എന്ന് നോക്കാം.

**നമ്മുടെ മഹാനായ രാഷ്ട്രപതി എ.പി.ജെ അബ്ദുൽകലാം ഒരിക്കൽ പറഞ്ഞു മുതിർന്നവർ രണ്ടു കാര്യങ്ങളാണ് ചെയ്യേണ്ടത്. മരണക്കിടക്കിയിലേയ്ക്ക് സ്വത്തിനെ വലിച്ചിഴയ്ക്കാതിരിക്കുക അത് കുടുംബകലഹം ക്ഷണിച്ചു വരുത്തും. ജോലി ചെയ്യുമ്പോൾ മരിക്കുക. രോഗശയ്യയിൽ നീളാതെ അവസാന ശ്വാസം വരെ നിവർന്നു നിൽക്കുക. വിടപറയൽ ഹ്രസ്വമായിരിക്കണം, തീർത്തും ഹ്രസ്വം.**

മഹാഭാരത കഥാരംഭത്തിൽ തന്നെ ദാശൻ എന്ന മുക്കുവ രാജാവ് തന്റെ മകളായ സത്യവതിയുടെ ഭാവി സുരക്ഷിതത്വത്തിന് വേണ്ടി ഭീഷ്മരെക്കൊണ്ട് രണ്ട് ശപഥങ്ങൾ ചെയ്യിപ്പിച്ചു. സത്യവതിയെക്കണ്ട് ഇഷ്ടപ്പെട്ട തന്റെ അച്ഛനായ ശന്തനു മഹാരാജാവിനു വേണ്ടിയാണ് ഭീഷ്മർ ദാശനെ സമീപിച്ചത്. സത്യവതിയുടെ മകനെ രാജാവാക്കണമെന്നും പോരാഞ്ഞിട്ട് ഭീഷ്മരുടെ മക്കൾ പിന്നീട് രാജ്യത്തിന് അവകാശം ഉന്നയിക്കാതിരിക്കാൻ ഭീഷ്മരും അവിവാഹിതനായിരിക്കണമെന്നു വരെ ദാശൻ പ്രതിജ്ഞ ചെയ്യിപ്പിച്ചു. എങ്കിലേ സത്യവതിയെ ശന്തനുവിന് വിവാഹം ചെയ്തു കൊടുക്കൂ. തന്റെ കാലശേഷവും മകളുടെ ഭാവിക്ക് വേണ്ടി വഴിവിട്ട് അദ്ദേഹം ചിന്തിച്ച് പ്രവർത്തിച്ചു. എല്ലാം കൺമുമ്പിൽ വീണുടയുന്ന കാഴ്ചയാണ് പിന്നീട് നാം കാണുന്നത്. രാജ്യഭാരമേൽക്കാൻ മക്കളില്ലാതെ രാജ്യം ഏറ്റെടുക്കുന്നതിനും വിവാഹത്തിനും ഭീഷ്മരോട് തന്നെ സത്യവതിക്കും ദാശനും നിർബന്ധിക്കേണ്ടി വരുന്ന ദയനീയമായ കാഴ്ച ഭാരത കഥയിൽ വ്യാസദേവൻ വരച്ചു കാട്ടിത്തരുന്നു എന്നാൽ ഭീഷ്മർ വഴങ്ങുന്നുമില്ല. ഭാവി സുരക്ഷിതത്വത്തിന് വേണ്ടി നാം ചെയ്യുന്നത് വർത്തമാനകാലത്തെ മറക്കാതെ വേണം. ഇപ്പോൾ ചെയ്യേണ്ടത് ശ്രദ്ധയോടെ ശുഭദൃഷ്ടിയോടെ ചെയ്യുമ്പോൾ ഭാവി സുരക്ഷിതമാകും. വർത്തമാന കാലത്തിന്റെ ഗർഭത്തിൽ

പൂർണ്ണ വളർച്ചയെത്തിയിട്ട് വേണം ഭാവിയെ പ്രസവിക്കുവാൻ. നല്ല വിത്തിൽ നിന്ന് മാത്രമേ നല്ല ഫലങ്ങളുണ്ടാവൂ. ഭയത്തിന്റേയും സ്വകാര്യമാത്രപരതയുടേയും സംശയത്തിന്റേയും നിഴലിൽ മമത കൊണ്ട് തന്റെ ഭാവിക്കും കാലശേഷം തലമുറയുടെ ഭാവിക്കും വേണ്ടി കരുതി വെച്ചാൽ അതനുഭവിക്കാൻ കഴിയുമെന്നുള്ളതിന് എന്താണുറപ്പ്. ഈ രാജ്യത്തെ രാജാവായിരുന്ന ഭരതൻ തന്റെ കാല ശേഷമുള്ള രാജ്യ സുരക്ഷയ്ക്ക് എന്താണ് ചെയ്തതെന്ന് നോക്കാം. അദ്ദേഹത്തിന്റെ മുടി നരയ്ക്കാൻ തുടങ്ങിയപ്പോൾ തന്നെ വാർദ്ധ ക്യത്തെ മുന്നിൽക്കണ്ട് ഭരണം കൈമാറി. രാജ്യരക്ഷയ്ക്ക് തന്റെ മക്കളേക്കാൾ ശ്രേഷ്ഠനായ ഒരാളെ ഗുരുകുലത്തിൽ നിന്നും കണ്ടെത്തി അടുത്ത രാജാവായി അഭിഷേകം ചെയ്തു. എന്നിട്ട് തപസ്സിനായി വനത്തിലേയ്ക്ക് പോയി. അദ്ദേഹത്തിന് മക്കളേക്കാൾ വലുത് രാഷ്ട്രമായിരുന്നു. ആ ഭരതൻ നീതിപൂർവ്വം ഭരിച്ച നാടായ തിനാൽ ഈ രാജ്യം ഭാരതം എന്നറിയപ്പെട്ടു. ഇന്നത്തെ നമ്മുടെ നേതൃത്വമോ "വാർദ്ധക്യമോട് ജരാനരയും പിടിച്ച്, സ്ഥാനമാനങ്ങൾ ചൊല്ലികലഹിച്ച്, ചീർത്തമോദേന വസിക്കുന്നിതു ചിലർ".

നമ്മൾ ചെയ്യുന്ന ഓരോ പ്രവൃത്തിയും ജീവസമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടിയായിരിക്കണം. ഈ കാഴ്ചപ്പാടിലൂടെ മുന്നോട്ട് പോകുന്നവർക്ക് കാലശേഷം എന്ത് സംഭവിക്കും എന്ന ഉത്കണ്ഠ ഉണ്ടാവുകയില്ല. ഉത്കണ്ഠ സ്വന്തം മനസ്സിനെ കുറിച്ചായിരിക്കണം. മനസ്സിലെ തീരുമാനങ്ങൾ എപ്പോഴും ശരിയായി കൊള്ളണമെന്നി ല്ല. വേണ്ടാത്ത കുണ്ടുകളിൽ അവൻ നമ്മെ ചാടിക്കും, ജാഗ്രത. ധാർമ്മിക ജീവതത്തോളം വലിയ ഒരു കരുതലും നിലനിൽക്കുക യില്ല. അൽപ്പം വീട്ടു വിശേഷം. പങ്കജാക്ഷക്കുറുപ്പിൽ പൈതൃക മായി വന്നു ചേർന്ന കുടുംബ സ്വത്ത് ഞങ്ങൾക്ക് ലഭിച്ചപ്പോൾ വിസ്തീർണ്ണം കുറച്ച് കുറഞ്ഞിരുന്നു. നാടാകെ സഞ്ചരിച്ചും നാട്ടു കാരൊക്കെ വന്നും അയൽക്കൂട്ട പ്രവർത്തനങ്ങൾ രൂപപ്പെട്ട് വന്ന പ്പോഴാണ് ഇത് സംഭവിച്ചത്. ജീവിതയാത്രയിൽ പലപ്പോഴും ഉണ്ടായ സാമ്പത്തിക പ്രതിസന്ധികളിൽ ഭൂമിക്കാരന്റെ ഈ നടപടി പല ബുദ്ധിമുട്ടുകളും ഉണ്ടാക്കിയിരുന്നു. അച്ഛന്റെ സ്വത്ത് എന്തായിരുന്നു! അതൊരു പിടി മണ്ണല്ല എന്ന തിരിച്ചറിവില്ലാതിരുന്നതാണ് ഇതിന് കാരണം. ഇന്ന് തിരിച്ചറിവുണ്ടെന്ന് വായനക്കാർ തെറ്റിദ്ധരിക്കരു ത്. ഒന്നെഴുതി നോക്കുന്നു അത്രമാത്രം. ഇന്ന് ഞങ്ങൾക്ക് ഏത് പ്രതിസന്ധിയിലും ഏത് ഓഫീസിൽ കയറേണ്ടി വരുമ്പോഴും കുറുപ്പു സാറിന്റെ മക്കളാണെന്നത് വലിയ സുരക്ഷാകവചമായി

തിളങ്ങുന്നു. അച്ഛന്റെ കാലശേഷം ഞങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഏറ്റവും വലിയ സ്വത്ത് അച്ഛൻ വിതച്ച ഈ സ്നേഹത്തിന്റെ വിത്തിൽ നിന്നും ഉണ്ടായ കായ്കനികളാണ്. നാണയം അല്ലേയല്ല. ധർമ്മത്തെ രക്ഷിച്ചാൽ ആ ധർമ്മം നമ്മേയും സംരക്ഷിക്കും. എന്തിനാണ് ആക്രാന്തം പിടിച്ച് ഇത്രയേറെ സ്വത്ത് സമ്പാദിക്കാനും തലമുറയുടെ സുരക്ഷിതത്വത്തിനുമായി കരുതി വെയ്ക്കുന്നതും. ജീവിതാവശ്യത്തിന് പണം വേണം, അതുണ്ടാക്കണം ആഡംബരം വേണ്ട. പൈതൃക സ്വത്ത് കൈപകരുന്നതോടൊപ്പം നല്ല സംസ്കാരം കൂടി അവർക്ക് നൽകുക. നാം അതിന്റെ നല്ല മാതൃകകളായിരിക്കണം. സത്യധർമ്മാദികൾ ഉടൽ പൂണ്ടവരെ മാതൃകയാക്കി നാം ജീവിക്കുമ്പോഴാണ് ആശയങ്ങൾ പ്രചരിക്കുന്നത്. അപ്പോൾ ശാന്തിയും സമാധാനവും നമ്മെ തേടി വരും, അല്ലാതെ ധനം വേണ്ട പോലെ ധാർമ്മിക കാര്യങ്ങൾക്ക് ഉപയോഗിക്കാതെ തന്റേയും തന്റെ മക്കളുടേയും ആവശ്യത്തിനായി കരുതി വെയ്ക്കുമ്പോഴല്ല. പലരും അടുത്ത തലമുറയ്ക്ക് നൽകേണ്ട സ്വത്ത് തന്റെ സുരക്ഷിതത്വത്തിനായി അടക്കിപ്പിടിച്ചിരിക്കുകയാണ്. വിട്ടു കൊടുത്താൽ പിന്നെ തന്നെ നോക്കുമോ എന്നാണ് പേടി.

എന്റെ ഹോമിയോ ചികിത്സയുടെ ആരംഭത്തിൽ കഞ്ഞിപ്പാടത്ത് പുളിവീട്ടിലെ ലക്ഷ്മിക്കുട്ടിയമ്മൂമ്മയെ ചികിത്സിച്ചിരുന്നു. എപ്പോഴും ഈശ്വര സ്മരണയോടെ രോഗാവസ്ഥയിൽ പോലും ആത്മാനന്ദ ഗുരുദേവന്റെ രാധാമാധാവത്തിലെ കൃഷ്ണസ്തുതികൾ ചൊല്ലിക്കൊണ്ട് സന്തോഷവതിയായിരിക്കുന്ന അമ്മൂമ്മ. ആ ജീവിതത്തിലെ ഒരു സംഭവം ഓർമ്മയിൽ വന്നത് ഒന്ന് കുറിച്ചോട്ടെ. വീടുകളിൽ സ്വത്ത് ഭാഗം വെയ്ക്കുമ്പോൾ മക്കൾക്കെല്ലാം തുല്യമായി വീതിച്ച് ഓരോഹരി മാതാപിതാക്കൾക്കും സൂക്ഷിക്കുന്ന പതിവാണുള്ളത്. അതാണ് ബുദ്ധിയെന്ന് പറയുകയും ചെയ്യുന്നു. കാലശേഷം ഈ സ്വത്ത് അവകാശികൾക്ക് ലഭിക്കും. മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും കൂലിവേണ്ട കാലമാണല്ലോ ഇത്. എന്നാൽ ഈ അമ്മൂമ്മ ഭാഗ ഉടമ്പടി സമയം തന്റെ പേരിൽ ഒന്നും കരുതി വെയ്ക്കാൻ അനുവദിച്ചില്ല. എന്റെ മക്കൾ അവർക്ക് വേണമെങ്കിൽ എന്നെ നോക്കട്ടെ സ്വത്തൊക്കെ ഇപ്പോഴേ എല്ലാവർക്കും കൊടുത്തേക്കുക. കാലശേഷമുള്ള ഏർപ്പാടൊന്നും ഇവിടെ വേണ്ട. ഉള്ളത് പറഞ്ഞാൽ കൂടെയുണ്ടായിരുന്ന മക്കൾ ഭാരതിയമ്മയും, ഭാനുമതിഅമ്മയും മാതൃദേവോ ഭവ എന്ന സങ്കൽപ്പത്തിൽ ഈ അമ്മയെ ശുശ്രൂഷിച്ചു. പൂർണ്ണമായ ഈശ്വര വിശ്വാസത്തിലും ധർമ്മ

ത്തിലും ഉറച്ചു നിൽക്കുന്നവർക്ക് എന്ത് പേടിക്കാനാണ്. അല്ലാത്ത വർക്ക് ലോകം മുഴുവൻ കിട്ടിയാലും പേടിയൊഴിഞ്ഞിട്ട് നേരവു മില്ല. "അർത്ഥമനർത്ഥം ഭാവയനിത്യം നാസ്തി തതഃ സുഖലേശ സത്യം" നോട്ടിനായുള്ള ഓട്ടം ആയിരുന്നു നാം ഇതുവരെ കണ്ടു വന്നിരുന്നത്. ആധിപിടിച്ച് നോട്ടുംകൊണ്ടുള്ള ഓട്ടം ഇപ്പോൾ കാണാ മല്ലോ.

**തന്നെപ്പറ്റി മാത്രം ചിന്തിക്കുന്ന ചെറിയ മനസ്സാണ് വലിയ ദുരിതങ്ങൾക്ക് കാരണം. ശുഭചിന്തകൾ കൊണ്ട് മനസ്സ് നിറഞ്ഞി ല്ലെങ്കിൽ കലഹവും കണ്ണീരും കൊണ്ട് നിറയും. വർത്തമാനകാ ലത്തെ സുന്ദരമാക്കാൻ ശ്രദ്ധയോടെ കർമ്മങ്ങൾ ചെയ്യണം. ലോകത്ത് കഷ്ടപ്പെടുന്നവരെ മറക്കരുത്. നല്ലവാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും ധനം കൊണ്ടും കഴിയുന്ന സേവനങ്ങൾ അവർക്ക് സന്തോഷമായി ചെയ്തു കൊടുക്കുക. വിശ്വമൈത്രീ ദീപം മനസ്സിൽ കെടാതെ തെളിഞ്ഞു നിൽക്കട്ടെ. അപ്പോൾ വർത്ത മാന കാലത്തും കാലശേഷവും മംഗളം ഭവിക്കും.**

ജയ് ജഗത്

# പൊതുവിവരങ്ങൾ

1. **പ്രതിമാസ യോഗങ്ങൾ** ഹ്രസ്വമായി നടന്നു വരുന്നു. നവംബർ 6-ാം തീയതി യോഗത്തിന് പ്രത്യേകതകൾ ഉണ്ടായിരുന്നു. ലോകത്തെ അക്രമങ്ങൾ കണ്ട് നോക്കിയിരിക്കാതെ അന്യോന്യ ജീവിതത്തിന് കളമൊരുക്കൂ എന്ന് അഹ്വാനം ചെയ്യുന്ന കുറുപ്പു സാറിന്റെ അഭ്യർത്ഥന എന്ന ലേഖനം ഹംസ എ. കുഴിവേലി വായിച്ച് വിശദീകരിച്ചു. ഇരുട്ടു കീറുന്ന പ്രകാശ രശ്മികൾക്ക് ഇരുട്ട് തടസ്സ മാകാത്തതു പോലെ മറ്റുള്ളവരുടെ ന്യൂനതകളോ സ്വന്തം ന്യൂന തയോ കണക്കാക്കാതെ പ്രവർത്തനം തുടരുക. സ്വന്തം മനസ്സിലും വീട്ടിലും ചുറ്റുവട്ടത്തുമാണ് പ്രവർത്തനം ആരംഭിക്കേണ്ടത്. സർവ്വ വിധ ഗുണദോഷങ്ങൾക്കുമപരി പരസ്പരം ആശ്ലേഷിക്കുവാനുള്ള ഒരു വിശാല മനോഭാവം സർവ്വരും ചേർന്ന് ഭൂമിയിലാകെ പ്രവഹി പ്പിക്കുക. ലേഖനം വായിച്ച് ചർച്ച നടത്തി. സർവ്വശ്രീ. ഷാജി, അനിൽകുമാർ കഞ്ഞിപ്പാടം, അനിൽ മുഹമ്മ, ജി. ഗോപകുമാർ പുന്ന പ്ര, രാമചന്ദ്രപിള്ള ഹരിപ്പാട്, സമഭാവന എന്ന പ്രസ്ഥാനത്തിന് ചുക്കാൻ പിടിക്കുന്ന രാധാകൃഷ്ണൻ ഹരിപ്പാട്, അഷറഫ്, സുധീർ,

സതീഷ് ചന്ദ്രൻ, ഡോ. ഹരിഹരൻ, സാം ജോസ്, പ്രൊഫ. പി.ജി. പണിക്കർ, ദേവൻ പി. വണ്ടാനം തുടങ്ങിയവർ സംബന്ധിച്ചു. ആരോഗ്യവും കൃഷിയും ചർച്ചാ വിഷയങ്ങളായി. ഹരിപ്പാട് നടക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും പലേക്കർ കൃഷി രീതികളും ശ്രീ. രാധാകൃഷ്ണൻ - സമഭാവന - വിശദീകരിച്ചു. തന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനവും കുറുപ്പുസാറിന്റെ മൈത്രീഭാവനയിൽ നിന്ന് ലഭിക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ഇനി എല്ലാവർക്കും എന്തെങ്കിലും കഴിക്കാൻ കൊടുക്കണമല്ലോ. ഇവിടെ യാതൊന്നുമില്ല. ലതയാണെങ്കിൽ എറണാകുളത്ത് പോയിരിക്കുന്നു. ഞങ്ങൾ നേരെ അടുക്കളയിലേയ്ക്ക് കയറി, തേങ്ങ ഉടച്ച് പൂളി ശർക്കരയും ചേർത്തെടുത്തു. പഴമുണ്ടായിരുന്നു. നല്ല ക്യാരറ്റ് വാങ്ങി വെള്ളത്തിലിട്ടത് ചെറുതായി അരിഞ്ഞെടുത്തു. വട്ടം കൂടിയിരുന്ന് കഴിച്ചു. നല്ല സുഖമായ ഭക്ഷണം, രാധാകൃഷ്ണൻ സാർ പറഞ്ഞു. ഇന്നെനിക്ക് അത്താഴം വേണ്ട. പ്രിയമുള്ളവരേ, ഒരുനേരത്തെ ഭക്ഷണമായി ഇതൊക്കെ ഒന്ന് പരീക്ഷിച്ചു നോക്കൂ. തേങ്ങയോളം നല്ല ഒരു അണ്ടി വർഗ്ഗമില്ല. എല്ലാ പോഷകഗുണങ്ങളും നിറഞ്ഞ തേങ്ങ നിങ്ങളെ തികഞ്ഞ ആരോഗ്യവാനാക്കും.

## 2. ബ്രഹ്മകുമാരീസ് രാജയോഗ കേന്ദ്രം :-

പ്രൊഫ. പി.ജി. പണിക്കർ സാം ജോസിനോടൊപ്പം കൊല്ലത്തുനിന്നാണ് വന്നത്. അദ്ദേഹത്തിന്റെ ഒരു പ്രകൃതി ജീവന ക്ലാസ്സ് ഇന്ന് (06/11/2016) അമ്പലപ്പുഴയിൽ ബ്രഹ്മകുമാരീസ് രാജയോഗ കേന്ദ്രത്തിൽ ഉണ്ടായിരുന്നു. ഒരുപാട് നല്ല കാര്യങ്ങൾ ഒരു മണിക്കൂർ കൊണ്ട് അദ്ദേഹം പറഞ്ഞു തന്നു. പ്രകൃതി ജീവനമാണ് പ്രകൃതി ചികിത്സയല്ല. വിശപ്പുണ്ടെങ്കിൽ മാത്രം ഭക്ഷണം കഴിക്കുക. രണ്ടു കയ്ക്കുമ്പിളിലും കൂടി കൊള്ളുന്ന ആഹാരം മതി. രണ്ടു നേരത്തിൽ കൂടുതൽ ആവശ്യമില്ല. കഴിയുന്നതും പച്ചയായി കഴിക്കുക. പാചകവും, വാചകവും കുറച്ചു മതി. ഭൂമിയിലെ 85 ലക്ഷം തരം ജീവജാലങ്ങളിൽ ഒന്നിനും രോഗമില്ല. മനുഷ്യരാശി മാത്രം രോഗം പിടിച്ച് കഷ്ടപ്പെട്ട് അകാല ചരമമടയുന്നു. നേരെ ചൊവ്വേ ജീവിക്കുകയല്ലാതെ ആശുപത്രികൾ കൊണ്ട് ഈ പ്രതിസന്ധികൾ പരിഹരിക്കാനാവില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. ബ്രഹ്മകുമാരിസ് മനുഷ്യനിലെ ദിവ്യഗുണങ്ങളെ വളർത്തുന്ന തോട്ടക്കാരാ

ണ്. സത്വാഹാരമേ കഴിക്കൂ. സംഘാടകനായ ശ്രീ. അരവിന്ദൻ അച്ഛനോടൊപ്പം ഒത്തിരി പ്രവർത്തിച്ചിട്ടുണ്ട്. ദർശനം ആശയങ്ങളും, മാനുഷിക ധ്യാനവും വിശദീകരിച്ചു. ദിഷാ സിസ്റ്ററിന്റെ കാർമ്മികത്വത്തിൽ എല്ലാം മംഗളമായി നടന്നു.

### 3. സാംസ്കാരിക സഞ്ചാരം

കോലേഴത്തു നിന്നും റഷീദ് വിളിച്ചു. തനിമ കലാസാഹിത്യ വേദി അതിന്റെ സാംസ്കാരിക സൗന്ദര്യം തേടിയുള്ള യാത്രയിൽ കഞ്ഞിപ്പാടത്തേയ്ക്ക് വരുന്നു. അച്ഛൻ നട്ടു വളർത്തിയ കൂവളത്തിന്റെ തണലിൽ ടർപ്പാളിൻ വിരിച്ച് ഞങ്ങളിരുന്നു. മട്ടാഞ്ചേരി മുതൽ തിരുവനന്തപുരത്ത് വെങ്ങാനൂർ വരെ മഹാനിധികൾ തേടിയുള്ളതായിരുന്നു യാത്ര. തനിമയുടെ ലക്ഷ്യവും പ്രവർത്തനങ്ങളും പ്രസിഡന്റ് ആദം അയൂബ് വിശദീകരിച്ചു. ദർശനത്തിന്റെ വിശ്വമൈത്രീഭാവനയും ബന്ധുത്വ സംസ്കാരവും യോഗത്തിന് ഉണർവ്വേകി. രമയും ശാന്തിയും അവർക്കു പഴങ്ങളും, കുട്ടികളായ ഗോവിന്ദനും അർജ്ജുനും ചേർന്ന് ഭാവിയിലേയ്ക്ക് എന്ന പുസ്തകത്തിന്റെ ഒരോ കോപ്പിയും ദർശനവും നൽകി. സഞ്ചാരികൾ അച്ഛന്റെ ചിത്രങ്ങൾ ക്യാമറിയിലാക്കി സന്ദേശങ്ങൾ ഹൃദയത്തിലും പകർത്തി യാത്ര തുടർന്നു. ശുഭയാത്ര.

## 4. ബോധവത്ക്കരണം

വണ്ടാനം മെഡിക്കൽ കോളേജിന് പടിഞ്ഞാറു വശം ഉണ്ടായ ചില ദാരുണ സംഭവങ്ങൾ ആ പ്രദേശത്തെയാകെ അസ്വസ്ഥമാക്കി. ഒരു ചെറിയ കാലയളവിനുള്ളിൽ പരിസരങ്ങളിൽ പലപ്പോഴായി ഉണ്ടായ ആത്മഹത്യ 5 ചെറുപ്പക്കാരുടെ ജീവൻ അപഹരിച്ചു. എന്തു ചെയ്യണമെന്നറിയാതെ ഭയന്ന പരിസരവാസികളെ ദർശനം കുടുംബാംഗമായ സജീവനും, പ്രകാശ് ബാബുവും ചേർന്ന് വിളിച്ചു കൂട്ടി ഒരു ബോധവത്ക്കരണ ക്ലാസ്സ് നടത്തി. ദർശനവും അതിൽ പങ്കെടുത്ത് സംസാരിച്ചു. മനസ്സിന്റെ സമനില തെറ്റാതെ ലോകപ്രശ്നങ്ങളെ നേരിടുവാൻ നമുക്ക് കഴിയണം. അതിനുള്ള കരുത്ത് പ്രാർത്ഥനയിലൂടെ നേടിയെടുക്കുക. ആത്മഹത്യ ഒരു പ്രശ്നത്തിനും പരിഹാരമല്ല. സമൂഹത്തിന് അത് കൂടുതൽ ദുരന്തം സൃഷ്ടിക്കുകയും ചെയ്യുന്നു. ഒന്നും ഭയപ്പെടരുത്. സൃഷ്ടാവ് നമ്മെ കാണു

കയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട് എന്ന് മനസ്സിലാക്കുക. മനസ്സിലെ മാലിന്യങ്ങൾ മൈത്രീഭാവനയിലൂടെ കഴുകി കളയുമ്പോൾ ഉള്ളിൽ നിറയുന്നതാണ് ശാന്തി. ആത്മഹത്യയല്ല ആത്മസാക്ഷാത്ക്കാരമാകണം നമ്മുടെ ലക്ഷ്യം.

**5. ദർശനത്തിനൊരുമ്മ**

ചുനക്കര മഹാദേവ ക്ഷേത്രത്തിൽ ഒരു വിവാഹത്തിന് പോയി. തൊഴാൻ ചെന്നപ്പോഴേക്കും നടയടച്ചു കഴിഞ്ഞു. എന്നാലും തൊഴുതു. പുള്ളിക്കാരന് മൂന്ന് കണ്ണുണ്ടല്ലോ എന്നെ കണ്ടോളും. പന്തലിലേയ്ക്ക് കയറിയപ്പോൾ അതാ ചുനക്കര ജനാർദ്ദനൻ ചേട്ടൻ. കണ്ടു തൊഴുതു. ഒരു അക്ഷരം മിണ്ടാൻ നിവൃത്തിയില്ല. നാഗസ്വര കച്ചേരി അടിച്ചു തകർക്കുകയാണ്. കല്യാണത്തിന് പല സ്ഥലത്തു നിന്നും വേണ്ടപ്പെട്ടവർ ഒന്നിച്ച് കൂടുമ്പോൾ പരസ്പരം ഒന്ന് മിണ്ടാൻ കൂടി കഴിയാത്ത രീതിയിലാണ് ശബ്ദഘോഷങ്ങൾ. കുറേപ്പേരുടെയെങ്കിലും ചെവിക്കല്ലിന് സാരമായ കുഴപ്പങ്ങൾ ഉണ്ടാകും. ആംഗ്യഭാഷയിലൂടെ ചേട്ടനോട് സംസാരിച്ചിട്ട് ഒരു ദർശനവും കൊടുത്തു. ദർശനത്തിലെ അച്ഛന്റെ ചിത്രത്തിൽ ഒരു മുത്തം കൊടുത്ത് ചേട്ടൻ വായനയും തുടങ്ങി. ഞാൻ പുറത്തിറങ്ങി. കല്യാണം കഴിഞ്ഞ് മൈക്ക് ഓഫായപ്പോൾ വീണ്ടും ഞാൻ ചേട്ടനെ കണ്ടു. നീയിങ്ങു വാടാ എന്ന് എന്നോട് പറഞ്ഞു. അടുത്ത് വന്നപ്പോൾ എനിക്കും ഒരുമ്മ തന്നു. നീ പത്രം ഇറക്കുന്നതിന് ഉള്ള എന്റെ സമ്മാനമാണിത്. ക്ഷേത്ര നടയിൽ വെച്ച് കിട്ടിയതല്ലേ. അംഗീകാരം ആരാണ് ഇഷ്ടപ്പെടാത്തത്. ഉമ്മയോടൊപ്പം മടിശ്ശീല തരാനും അദ്ദേഹം പോക്കറ്റിൽ കയ്യിട്ടു. രണ്ടും കൂടി വേണ്ടെന്ന് പറഞ്ഞു. കാരണം പ്രശംസയ്ക്കുള്ള അർഹത എനിക്കില്ലെന്നറിയാം. എല്ലാ 15–ാം തീയതിയും അച്ഛൻ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന മാസികയിപ്പോൾ സൗകര്യപ്പെടുമ്പോൾ ഒരു ലക്കം എന്ന സ്ഥിതിയിലാണ്.

**6. ആരണ്യകാണ്ഡം**

കുറച്ചു നാളായി കാട്ടിൽ പോയിട്ട്. ഗവിയും പരിസര കാഴ്ചകളും ഒന്നു പോയിക്കാണാൻ ആഗ്രഹിക്കുന്നു. തീയതി തീരുമാനമായില്ല.

**ആഗോള മാനുഷികധ്യാനം** ജനുവരി 1 ഞായറാഴ്ച വൈകിട്ട് 6

മണിക്ക് കടപ്പുറത്താണ് ധ്യാനം. നീർക്കുന്നം ധന്യയിലേക്ക് സ്വാഗതം. കടപ്പുറത്ത്പോയി ധ്യാനം കഴിഞ്ഞ് വീട്ടിലെത്തി ഭക്ഷണം കഴിഞ്ഞ് പിരിയാം. വനയാത്രയ്ക്കും ധ്യാനത്തിനും പങ്കെടുക്കുന്നവർ അറിയിക്കുക.

## 7. സൗഹൃദ ചായ

എസ്.എസ്.എഫ്. നീർക്കുന്നം യൂണിറ്റ് 11.11.2016ൽ വളഞ്ഞവഴി ജംഗ്ഷനിൽ സംഘടിപ്പിച്ച മാനവസംഗമത്തിൽ ദർശനം സുഹൃത്തുക്കളും പങ്കെടുത്തു. ബഹു.അസ്സയ്യിദ് ഹാഷിം തങ്ങൾ ഐലക്കാട് യോഗം ഉദ്ഘാടനം ചെയ്തു. മനുഷ്യരെല്ലാം ഒരേ ഈശ്വരന്റെ സൃഷ്ടിയാണെന്ന് എല്ലാവരും ഒന്നിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നാടിനെ ബാധിച്ചിരിക്കുന്ന ജീർണ്ണതകൾ പോകുവാൻ വിവിധ ആശയങ്ങൾ നിൽക്കുമ്പോഴും സഹകരിച്ച് പഴയകാല സൗഹൃദങ്ങൾ വീണ്ടെടുക്കാനായിരുന്നു അദ്ദേഹത്തന്റെ ആഹ്വാനം. ദർശനം വിശ്വമൈത്രീഭാവന യോഗത്തിൽ അവതരിപ്പിച്ചു. ലോകസംഭവങ്ങൾ കണ്ട് ഭയപ്പെടുകയോ ശപിക്കുകയോ ചെയ്യാതെ എല്ലാവരും പരസ്പരം സ്നേഹച്ചാൽ ഭീകരത എന്ന രോഗാണു നമ്മെ വിട്ടുപിരിഞ്ഞുകൊള്ളും. നമുക്കാവുന്നത് നമുക്ക് ചെയ്യാം. പൂർണ്ണത സൃഷ്ടാവിന്റെ കൈകളിലാണ്. അതാ വേദിയോടു ചേർന്ന് കൊച്ചുസുന്ദരമായ ഒരു ചായക്കട തീർത്തിരിക്കുന്നു. കയറിക്കൊള്ളൂ. എസ്.എസ്എഫിന്റെ സെക്രട്ടറി റഷീദ് വെളിമ്പറമ്പും ജമാൽ പള്ളാത്തുരുത്തിയും സുഹൃത്തുക്കളും ചേർന്ന് എല്ലാവർക്കും ചായയും നെയ്യപ്പവും കേക്കും പിന്നെ പഴങ്ങളും വിതരണം ചെയ്യുന്നു. ഇഷ്ടംപോലെ എടുത്തുകഴിക്കാം. ദർശനത്തിന്റെ കൂപ്പുകൈ.

## 8. മരണം എന്ന വാതിൽ :

1. **പൊന്നമ്മ സാർ - 91** :- അച്ഛനോടൊപ്പം പുന്നപ്ര സ്കൂളിൽ അധ്യാപികയായിരുന്നു മകൾ ത്രിവേണിയോടൊപ്പമായിരുന്നു താമസം. ടീച്ചറെ ഇടയ്ക്ക് പോയി കാണാറുണ്ട്. ദർശനം ശ്രദ്ധയോടെ വായിക്കുകയും പ്രതികരിക്കുകയും ചെയ്യാറുണ്ട്. വലിയ അസുഖങ്ങളൊന്നും ഇല്ലാതെ ശാന്തമായിരുന്നു അന്ത്യം.

2. **മണിയപ്പൻ ചേട്ടൻ** :- കഞ്ഞിപ്പാടത്ത് പുത്തൻവീട്ടിൽ മണി

യപ്പൻ നായർ അന്തരിച്ചു. പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് ശാന്തമായ അന്ത്യം. സൈനിക സേവനത്തിന് ശേഷം ട്രാൻസ്പോർട്ടിൽ ഡ്രൈവറായിരുന്ന ചേട്ടൻ പെൻഷൻ പറ്റിയിട്ട് വട്ടപ്പായിത്ര ക്ഷേത്രത്തിന്റെ ചുമതല ഏറ്റെടുത്തു. നിസ്വാർത്ഥ സേവനമായിരുന്നു കൈമുതൽ. കഞ്ഞിപ്പാടത്തുള്ള ക്ഷേത്രങ്ങളുടെ വളർച്ചയ്ക്കും കരയോഗ പ്രവർത്തനങ്ങൾക്കുമെല്ലാം ചേട്ടന്റെ ആത്മാർത്ഥമായ സേവനം ഒരുപാട് നേട്ടമുണ്ടാക്കി. ഒരിക്കലും കഞ്ഞിപ്പാടം ചേട്ടനെ മറക്കുകയില്ല. അതേ സേവനപാതയിലൂടെ സഞ്ചരിച്ച മകൾ ദീപ ഞങ്ങളുടെ പഞ്ചായത്ത് മെമ്പറായിരുന്നു.

**3. പരമേശ്വര പണിക്കർ** :- ഡോ. വേണുഗോപാലിന്റെ അച്ഛൻ വാർദ്ധക്യ സംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. അച്ഛൻ മകന്റെ ചികിത്സയിലും, ശുശ്രൂഷയിലും എന്നത് ഭാഗ്യം തന്നെ. ശ്രീകുമാരി ചേച്ചിയുടെ അമ്മാവനാണ് ഡോ. വേണുഗോപാലിന്റെ അച്ഛൻ. അതിനാൽ ചേച്ചി ഇടയ്ക്കിടെ വരാറുണ്ടായിരുന്നു. ദർശനം ബന്ധങ്ങളെ പുതുക്കിയിട്ടേ ചേച്ചി പോകൂ. വളരെയേറെ തിരക്കിനിടയിലും ഡോ. വണുഗോപാൽ ദർശനം വായിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു.

ഈ മരിച്ചവരൊക്കെ എങ്ങോട്ടാണ് പോകുന്നത്. നമുക്കറിയില്ലെങ്കിൽ അറിവുള്ളവരുടെ വാക്കുകൾ ശ്രദ്ധിക്കാം. നാം ഒരു വീടു വെച്ചാൽ പുതിയ വീട്ടിലേയ്ക്ക് താമസം മാറും. പഴയ വീട് ഉപേക്ഷിക്കുമ്പോൾ കുടുംബാംഗങ്ങൾക്ക് വിഷമമുണ്ടാകും. ഭൗതിക ബന്ധങ്ങൾ ശ്മശാനം വരെ മാത്രം. തുടർന്ന് യാത്രയാകുന്നവർക്ക് അതൊരു പ്രമോഷനാണ്. അതുകൊണ്ടാണ് ശ്രീബുദ്ധൻ അദ്ദേഹത്തിന്റെ ദേഹവിയോഗ സമയം അടുത്തിരുന്ന് കരഞ്ഞ ആനന്ദനോട് നിനക്കെന്നോട് അസൂയയാണോ എന്ന് ചോദിച്ചത്. പുതിയ വീട്ടിലേയ്ക്ക് താമസം മാറിയവർക്കെല്ലാം ദർശനത്തിന്റെ ധ്യാന മാർഗ്ഗത്തിലൂടെ മംഗളാശംസകൾ.

## 9. അവാർഡുകൾ സ്മരണികകൾ :

**1** അച്ഛന്റെ പേരിൽ രണ്ട് അവാർഡ് വിതരണങ്ങൾ നടന്നു. അമ്പലപ്പുഴ ഫോക്കസ് ഏർപ്പെടുത്തിയ ഏറ്റവും നല്ല സാമൂഹ്യ സേവകനുള്ള അവാർഡ് മെഡിക്കൽകോളേജിലെ ഹൃദ്രോഗ വിദഗ്ദ്ധനായ ഡോ.അബ്ദുൽ സലാമിന് സമ്മാനിച്ചു. അമ്പലപ്പുഴ സ്വദേ

ശിയായ എസ്.പി. ശശികുമാർ ആണ് അവാർഡ്ദാനം നിർവ്വഹിച്ച ത്. ഫോക്കസിന്റെ പ്രസിഡന്റായ ശ്രീ.സി.രാധാകൃഷ്ണന്റെ നേതൃ ത്വത്തിൽ കുഞ്ചൻ സ്മാരകത്തിൽ നടന്ന പരിപാടികളിൽ ദർശനം സുഹൃത്തുക്കളും പങ്കെടുത്തു.

**2** ശ്രീ.എബി.ഇമ്മാനുവലും സുഹൃത്തുക്കളും ചേർന്ന് ഈരാട്ടു പേട്ടയിൽ നടത്തിവരുന്ന സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമായി അച്ഛന്റെ പേരിൽ വർഷംതോറും അവാർഡ്ദാനം നടന്നുവരുന്നു. ഇക്കുറി പോകാനായില്ല.

**ഓർമ്മകളിൽ ദേവദത്ത് ജി.പുറക്കാട്** എന്ന സ്മരണിക ദത്തൻസാറിന്റെ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട് ഇതാ പുറത്തിറങ്ങി. സാറിന്റെ സേവനനിർഭരമായ ജീവിതവും അമ്പ ലപ്പുഴയുടെ ചരിത്രവുമെല്ലാം കോർത്തിണക്കിയ സുന്ദരമായ സ്മര ണിക. ശ്രീ.എ.കെ.ആന്റണി അമ്പലപ്പുഴ ടൗൺഹാളിൽവെച്ച് പ്രകാ ശനം ചെയ്തു. ദർശനം കുടുംബാംഗവും തണലിന്റെ സാരഥിയു മായ ശ്രീ.സുരേഷ് കുമാർ തോട്ടപ്പള്ളിയാണ് സ്മരണികയുടെ ചീഫ് എഡിറ്റർ. ദർശനത്തിന്റെ ശുഭാശംസകൾ.

---

# മാനുഷികധ്യാനം

നമ്മുടെ കുടുംബത്തിന്റെ ഇന്നത്തെ കഷ്ടാവസ്ഥയിൽ നിന്നുള്ള മോചനത്തിന് ദർശനം ലളിതമായ ഒരു വഴി നിർദ്ദേശിക്കുന്നു. മനുഷ്യ മനസ്സിൽ തുടങ്ങുന്ന ഒരു പരിശീലനമാണിത്. താല്പര്യമുള്ള ആർക്കും ചെയ്യാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധന്മാർക്കും ചെയ്യാം. ബോധമുള്ള ഏതൊരു വ്യക്തിക്കും നാസ്തികനും ആസ്തികനും ഈ സാധന അനുഷ്ഠിക്കാം. രോഗശയ്യയിൽ കിടന്നു കൊണ്ടും ചെയ്യാം.

നിത്യേന പ്രഭാതത്തിൽ ഉണർന്ന്, ശുദ്ധി കൈവരുത്തി, കണ്ണടച്ച് മനസ്സ് ശൂന്യമാക്കി അല്പനേരം ഇരിക്കുക. സാവധാനം വീട് ഓർമ്മി ക്കുക. ഇതാ ഇവരാണ് ഇപ്പോൾ ഭൂമിയിൽ എനിക്ക് ഏറ്റവും അടുത്തു ള്ളവർ ഇവരുമായി സംസാരിക്കുമ്പോൾ എന്റെ ശബ്ദം

പരുഷമാകാ തിരിക്കാൻ ഇന്നു ഞാൻ ശ്രദ്ധിക്കും. ഇവരുമായുള്ള എന്റെ പെരുമാറ്റം ഇവരുമായുള്ള എന്റെ അടുപ്പത്തിന് സഹായകമായിരിക്കണം. ഇവർക്ക് വേദനയോ അപമാനമോ പിന്തള്ളപ്പെടുന്നു എന്ന ഭാവമോ ഉളവാക്കുന്ന ഒന്നും എന്നിൽ നിന്ന് ഉണ്ടാവാതിരിക്കുവാൻ ഞാൻ ശ്രദ്ധിക്കും. ഒരു സാഹചര്യത്തിലും ഇന്ന് കുടുംബങ്ങളുമായി അകലാൻ ഇടവരാതി രിക്കട്ടെ .

രണ്ടാമതായി - അയൽവീടുകളെ മനസ്സിൽ ഓർമ്മിക്കുക. തൊട്ടടു ത്തുള്ള ഓരോ വീടും മനസ്സിൽ കാണുക. ഇതാ ഇവരാണ് എന്റെ അയൽക്കാർ. എന്റെ വീട് ഈ അയൽക്കാർക്ക് ഉപദ്രവമാകാതിരി ക്കണം. ഞങ്ങളുടെ പറമ്പിലെ വൃക്ഷശാഖകൾ പടർന്നിട്ടോ, ശബ്ദം കൊണ്ടോ, ഗന്ധംകൊണ്ടോ ഒരു തരത്തിലും അയൽക്കാർക്ക് ഉപദ്രവമാകാതിരിക്കണം. വളർത്തുജീവികളെ ക്കൊണ്ടോ, നീരൊലിപ്പു കൊണ്ടോ ഒരുതരത്തിലും അയൽ വീടുകൾക്ക് ഞങ്ങളുടെ വീട് ശല്യമാകാതിരി ക്കാൻ ഇന്നേ ദിവസം ഞാൻ ശ്രദ്ധിക്കും. ഞങ്ങളുടെ ചുറ്റുമുള്ള എല്ലാ വീടുകൾക്കും എന്റെ വീട് ഇഷ്ടാനുഭവമായിരിക്കട്ടെ. ആവശ്യങ്ങൾ പരസ്പരം പറയുവാനും ഉപകരണങ്ങൾ കൈമാറുവാനും ഞങ്ങൾക്ക് സന്തോഷമാവണം . പരസ്പരമുണ്ട് എന്നതാ യിരിക്കട്ടെ നമ്മുടെ ഏറ്റവും വലിയ സമ്പത്ത്.

മൂന്നാമത്-അവരവരുടെ ഗ്രാമം അല്ലെങ്കിൽ നഗരം. ഞങ്ങൾ താമസിക്കുന്ന ഞങ്ങളുടെ പ്രദേശത്തുള്ള ഒരു വീടും ദാരിദ്ര്യം കൊണ്ടോ രോഗം കൊണ്ടോ കലഹം കൊണ്ടോ ദുഃഖിക്കാനി ടവരാതെ എല്ലാ വീടുകളും എല്ലാ വ്യക്തികളും പരസ്പരാന ന്ദത്തോടെ ജീവിക്കുവാൻ ഇടവരുന്നതിന് ഇന്നേദിവസം ഞാൻ യഥാശക്തി പരിശ്രമിക്കും.

ആഗോള മാനുഷിക ധ്യാനം:- അനന്താകാശത്തുകൂടി അതിവേഗം സഞ്ചരിക്കുന്ന ഒരു ചെറിയ ഗോളത്തിലാണ് നമ്മളെല്ലാം ഉള്ളത്. ഇതാണ് നമ്മുടെ ആവാസസ്ഥാനം. ഈ ഭൂമിയെ ആശ്രയിച്ചാണ് നമ്മ ളെല്ലാം ജീവിക്കുന്ന്. നാം ഓരോരുത്തരും ഭൂമിക്കാരാണ്.

ഇവിടെയുള്ള എല്ലാവരും പരസ്പരം വേണ്ടപ്പെട്ടവരാണ്. നാം ഒരു വീട്ടുകാർ. ഒരേ കാലഘട്ടത്തിൽ, ഒരിടത്ത്, ഒന്നിച്ച് കഴിയുന്നവർ. നമ്മുടെ മത വിശ്വാസമോ; പ്രത്യയശാസ്ത്ര വിചാരങ്ങളോ; നിറഭേദമോ; ഭാഷാ ഭേദമോ; സ്വഭാവ വ്യതാസങ്ങളോ; സാമ്പത്തിക ഉച്ച-നീചത്വമോ; അഭിരുചി വ്യത്യാസമോ ഒന്നും നാം തമ്മിലുള്ള ബന്ധത്തെ മുറിക്കാന നുവദിക്കില്ല. ഇപ്പോഴുള്ള 600 കോടി ജനങ്ങളും എന്റെ മിത്രങ്ങളാണ്. കഴിഞ്ഞുപോയവരും എന്റെ കുടുംബാംഗങ്ങൾ. ശ്രീബുദ്ധനും സോക്രട്ടീസും യേശുവും നബിയും എന്റെ കുടുംബക്കാരാണ്. ഇനിയും എത്രമോ പേർ എന്റെയീ കുടുംബത്തിൽ ജനിക്കാനിരിക്കുന്നു. എന്റെ വിശാലകുടുംബത്തിൽ എവിടെ സഞ്ചരിക്കുവാനും എവിടെ താമസി ക്കുവാനും എനിക്ക് അവകാശമുണ്ട്. ഒരു ഭരണാധികാരിയും അത് തടയാൻ പാടുള്ളതല്ല. മഹത്തും സമൃദ്ധവും സുന്ദരവുമായ ഒരു ഭൂമിയി ലുള്ള എല്ലാവരും എനിക്ക് വേണ്ടപ്പെട്ടവരും ഞാൻ അവർക്കു വേണ്ടിക്കൂടി ഉള്ളവനുമാണ്. ഈ ബോധം ഒരു സാഹചര്യത്തിലും നഷ്ടപ്പെടുത്താതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.

അഞ്ചാമത്, പ്രപഞ്ചധ്യാനം. ഈ ഭൂമിയിലുള്ള സർവ്വചരാ രങ്ങളും അന്തരീക്ഷത്തിലുള്ള ജ്യോതിർഗോളങ്ങളും അന്തരീ ക്ഷമാകെയും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാം പരസ്പരം പൂരിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. ഈ പ്രപഞ്ചവുമായുള്ള ലയനമാണ് എന്റെ ജീവിതത്തെ ധന്യമാക്കുന്നത്. ഇതിൽ നിന്നും വേറിട്ട് എനിക്കൊരു നിലനില്പില്ല. എന്റെ വ്യക്തിത്വം സാവധാനം വികസിച്ച് പ്രപഞ്ചത്തോട് ലയിക്കുന്ന മഹാ പ്രക്രിയയാവട്ടെ എന്റെ ജീവിതം.

എല്ലാവരും നിത്യേന പ്രഭാതത്തിൽ ശീലിക്കേണ്ട സാധനയാണ് ഈ മാനുഷിക ധ്യാനം. ഇതു ചെയ്തിട്ടുവേണം ഓരോരുത്തരും ദൈനം ദിന ജീവിത കാര്യങ്ങളിലേക്ക് പ്രവേശിക്കുവാൻ. ഈശ്വര ധ്യാനം ചെയ്യാറുള്ളവർ അതുകഴിഞ്ഞ് മാനുഷിക ധ്യാനം കൂടി ചെയ്യുക.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

"ഓരോ പ്രഭാതവും എല്ലാവർക്കുംവേണ്ടി വിടർന്നുവരുന്നു. ഓരോ കാർമേഘവും എല്ലാവർക്കുംവേണ്ടി മഴ പൊഴിക്കുന്നു. ഓരോ മുല്ലയും എല്ലാവർക്കുംവേണ്ടി വിടർന്ന് സുഗന്ധം പരത്തുന്നു. സകല ജീവജാലങ്ങളും ഈ ആനന്ദം അനുഭവിക്കുന്നു. എന്റെ മിത്രങ്ങളേ, നമുക്കു മാത്രം ആ ഏകാത്മ ബോധാനന്ദം നിഷേധിക്കപ്പെട്ടുപോയല്ലോ. എന്തിനീ വിദ്യാഭ്യാസം, എന്തിനീ നാമജപം, എന്തിനീ തെരഞ്ഞെടുപ്പ്, എന്തിനീ ഭരണം. ഭൂമിയിൽ ഉടനടി നടക്കേണ്ട സാമൂഹ്യപ്രവർത്തനം വെൽഡിംഗാണ്. നാം പരസ്പരം കണ്ണിചേർന്ന് ഒരു മാനവസമൂഹമാവാൻ തയ്യാറാകണം. ഓരോരുത്തരും ചുറ്റുവട്ടത്ത് സൗഹൃദം പുലർത്തണം. മൈത്രി, ബന്ധു, സുഹൃത്ത്, കുടുംബക്കാർ എന്നീ ബോധത്തിൽ പരസ്പരപൂരകമായി പരസ്പരാനന്ദമായി ജീവിക്കുവാൻ നമുക്ക് നമ്മെ പരിശീലിപ്പിക്കുകയല്ലാതെ മറ്റൊരു പരിഹാരവും ഞാൻ കാണുന്നില്ല".

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306